
# ബെഥേൽപത്രിക

വാല്യം 9 ജൂൺ 1996 ലക്കം 6



എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നു.

(വി. പൗലൂസ്)

# ബഥേൽ പത്രിക

(ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും
പ്രസിദ്ധീകരിക്കുന്നത്.)

★ ജൂൺ 1996 ★

## ഉള്ളടക്കം


മുഖമൊഴി, ഇടയലേഖനം

| | | |
|---|---|---|
| ധ്യാനപംക്തി | 4 | ഫാ. സജി ദാനിയേൽ |
| വിശ്വാസ വിപരീതികളെ സൂക്ഷിക്കുക | 6 | ഫാ. ടി. ടി. തോമസ് |
| കരിസ്മാറ്റിക്ക് (പ്രതികരണം) | 9 | പി. ജെ. അലക്സാണ്ടർ |
| ബാലപംക്തി | 11 | ഷൈനി എ. ജോൺ |
| കരിസ്മാറ്റിക്ക് (പ്രതികരണം) | 13 | ഈശോ അലക്സാണ്ടർ |
| ,, | 15 | അനി സി. ശാമുവേൽ |
| ,, | 17 | കെ. സഖറിയ |
| ,, | 20 | ഫാ. പി. കെ. കോശി |

വാർത്തകൾ



### പത്രാധിപസമിതി

മാനേജിംഗ് എഡിറ്റർ : തോമസ് മാർ അത്താനാസിയോസ്
ചീഫ് എഡിറ്റർ : ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
അംഗങ്ങൾ : വെരി. റവ. പി. ജി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ,
ഫാ. പി. ജി. ജോർജ്, ഫാ. പി. വി. ജോൺ,
ഫാ. ഐപ്പ് പി. സാം, ഡോ. കെ. എം. തരകൻ,
ഡോ. സാമുവേൽ ചന്ദനപ്പള്ളി, ജേക്കബ് ഉമ്മൻ,
പ്രൊഫ. സൂസി ഏബ്രഹാം
സർക്കുലേഷൻ മാനേജർ : എം. എ. ജേക്കബ്


## മുഖമൊഴി

മഴ...മഴ...കുട...കുട...മഴവന്നാൽ..........?

പരസ്യ കോലാഹലം കുട്ടികളിലും ഇരച്ചുകയറുന്നു. ഏതു കുട വേണമെന്നും ഏതു നോട്ടുബുക്ക് വേണമെന്നും നേഴ്സറിയിൽ പോകുന്ന കുട്ടികൾ തന്നെതീരുമാനിക്കുന്നു. അതിനായി നിർബന്ധവും പിടിക്കുന്നു. ഏതുസാധനത്തിന്റെയും

വിവിധ ബ്രാൻഡുകൾ പോലും ഹൃദിസ്ഥമാക്കുന്നു.

വൻകിട മാധ്യമങ്ങളിൽ ആകർഷകമായ പരസ്യം നൽകിയാൽ മതി ഏതു മൂന്നാം കിട ഉൽപ്പന്നവും വിററഴിയപ്പെടുന്നു! പരസ്യ ഏജൻസികൾ മത്സര ബുദ്ധിയോടെയാണുരംഗത്തുള്ളത്. ഉൽപ്പന്നം മാർക്കററിൽ വിൽക്കുമ്പോൾ അതനുസരിച്ചുള്ള കമ്മീഷനാണു പരസ്യഏജൻസികൾ തട്ടിയെടുക്കുന്നത്. ഓർക്കുക. പരസ്യചാർജും ഉൾപ്പെടുത്തിയാണു ഉല്പന്നത്തിന്റെ വില നിശ്ചയിക്കുക.

പരസ്യത്തിൽ കുട്ടികൾ ഉൽപ്പന്നങ്ങൾ അവതരിപ്പിക്കുമ്പോൾ കൂടുതൽ ശ്രദ്ധിക്കപ്പെടുന്നു.
താൽപ്പര്യപൂർവ്വം വീക്ഷിക്കുന്നു.

ദൃശ്യമാധ്യമങ്ങളിൽ ഉൽപ്പന്നങ്ങൾ പരസ്യം ചെയ്യുന്നതിനായി ഇപ്പോൾ കുട്ടികളെയാണു അധികവും ഉപയോഗിക്കുന്നത്. നിഷ്കളങ്കരായ പൈതങ്ങൾ!
ദൈവ രാജ്യത്തിന്റെ അവകാശികൾ! ഇവർ അറിയുന്നോ ഇവരെക്കൊണ്ട് ചെയ്യിക്കുന്ന പാപങ്ങൾ.....

ഇലക്ട്രോണിക് മാധ്യമങ്ങൾ വഴി
'വിപണനം ചെയ്യുന്ന സാധനങ്ങൾ ഉപഭോക്താവിന്റെ പോക്കററടിക്കാനിടയാക്കരുത്. വിവേചന പൂർവ്വം മാത്രമെ ഉൽപ്പന്നങ്ങൾ തെരഞ്ഞെടുക്കാവൂ. ദൃഢതരമായ കുടുംബബന്ധങ്ങളെ തകർക്കുവാനും ഇതിനു കഴിവുണ്ട്. നിരീക്ഷണത്തോടെ പരസ്യങ്ങൾ കാണാവു.
വഞ്ചിതരാകരുത്. ജാഗ്രത!

—ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

# ഇടയലേഖനം



വാത്സല്യ മക്കളെ,

ഒരു പുതിയ സ്കൂൾ വർഷം ആരംഭിച്ചിരിക്കുന്നു. നിഷ്കളങ്ക ഹൃദയരും നിർമല മാനസരുമായ പിഞ്ചു ബാലികാബാലന്മാരെ അവരുടെ ഭാവി ജീവിതം ശോഭനമാക്കുന്നതിനുവേണ്ടി മാതാപിതാക്കൾ വിദ്യാലയങ്ങളിലേക്ക് അയയ്ക്കുകയാണ്. വളരെയേറെ ത്യാഗം സഹിച്ചിട്ടാണ് മാതാപിതാക്കൾ അവരുടെ കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കുന്നത്. സർക്കാരാണെങ്കിൽ വാർഷിക വരുമാനത്തിന്റെ സിംഹഭാഗവും വിദ്യാഭ്യാസത്തിനും ശിശുപരിപാലനത്തിനും വിനിയോഗിക്കുന്നു. ഇത്രയൊക്കെയായിട്ടും നമ്മുടെ വിദ്യാഭ്യാസ നിലവാരം അടിക്കടി താണുകൊണ്ടിരിക്കുന്നു. ഇത്തരമൊരു ദുരവസ്ഥയ്ക്ക് പരിഹാരമായി അദ്ധ്യാപക വൃന്ദത്തിന് എന്തൊക്കെ ചെയ്യുവാൻ കഴിയും എന്നാണ് ഇത്തരുണത്തിൽ ചിന്തിക്കുവാൻ നാം ഉദ്ദേശിക്കുന്നത്.

''മാതാപിതാ ഗുരു ദൈവം'' എന്നത്രെ ഭാരതീയ ചിന്ത. മാതാവും പിതാവും ഗുരുവും ദൈവമാണെന്നത്രെ അതിനർത്ഥം. മാതാവിനെയും പിതാവിനെയും ഗുരുവിനെയും കാണപ്പെട്ട ദൈവത്തെപ്പോലെ ആദരിക്കുന്നതാണ് ഭാരതീയ സംസ്കാരം. പ്രപഞ്ച സൃഷ്ടാവായ ദൈവം ശിശുവിന്റെ സൃഷ്ടിക്ക് കാരണ ഭൂതനാണ്. മാതാപിതാക്കൾ ശിശുവിന്റെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് വേണ്ടതെല്ലാം ചെയ്യുന്നു. ഗുരുക്കന്മാരാകട്ടെ കുട്ടികളുടെ മാനസികവും ബുദ്ധിപരവുമായ വളർച്ചയ്ക്ക് ചുമതലപ്പെട്ടവരാണ്. ചുരുക്കത്തിൽ ദൈവവും മാതാപിതാക്കന്മാരും ഗുരുജനങ്ങളും ഒത്തൊരുമിച്ചാണ് ശിശുക്കളുടെ സർവ്വതോമുഖമായ വളർച്ചയിൽ ഭാഗഭാക്കാകുന്നത്. ഗുരുക്കന്മാരുടെ സേവനം അത്രമാത്രം മഹത്തരമാണ്.

തുറന്നു പറയട്ടെ ഇന്നത്തെ അദ്ധ്യാപക വൃന്ദത്തെക്കുറിച്ച് പൊതുവെ സമൂഹത്തിൽ നല്ല അഭിപ്രായമില്ല. നാമും ആദ്യകാലത്ത് ഒരു അദ്ധ്യാപകനായിരുന്നു. നമ്മുടെ അദ്ധ്യാപക സുഹൃത്തുക്കളോട് ഒന്നു ചോദിക്കട്ടെ. നമ്മെ പഠിപ്പിച്ചിരുന്ന അദ്ധ്യാപകരെക്കുറിച്ച് നമുക്കുള്ള അഭിപ്രായം നമ്മുടെ വിദ്യാർത്ഥികൾക്ക് നമ്മെക്കുറിച്ച് ഉണ്ടോ? ഇല്ല എന്നല്ലെ അതിന്റെ ഉത്തരം?

ഇന്നത്തെ തലമുറ കേട്ടാൽ അത്ഭുതം കൂറുന്ന തരത്തിൽ വളരെ ചെറിയ ഒരു വേതനം സ്വീകരിച്ച് സത്യ സന്ധതയോടെയും കൃത്യനിഷ്ഠയോടെയും തങ്ങളുടെ കർത്തവ്യം നിറവേറ്റിയിരുന്ന അന്നത്തെ അദ്ധ്യാപകരെവിടെ, ഇന്നത്തെ അദ്ധ്യാപകരെവിടെ? വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ സ്വന്തം മക്കളെയെന്ന വണ്ണം കരുതുകയും സ്നേഹിക്കുകയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്തിരുന്ന അന്നത്തെ അദ്ധ്യാപകൻ ഏവ





രുടെയും കാണപ്പെട്ട ദൈവമായിരുന്നു. അവരുടെ ജീവിത വിശുദ്ധി വാചാമഗോചരമായിരുന്നു. അവരുടെ നിഷ്പക്ഷത അനുപമമായിരുന്നു. അവരുടെ പാണ്ഡിത്യം അപാരമായിരുന്നു.

അദ്ധ്യാപകരുടെ ജീവിതനിലവാരം ശോചനീയമായിരുന്നെങ്കിലും സമൂഹത്തിൽ മറ്റാരേയുംകാൾ ഉന്നതമായ സ്ഥാനം അവർക്കുണ്ടായിരുന്നു. അവർ നിത്യ വിദ്യാർത്ഥികളായിരുന്നു. അവരുടെ സ്കൂളിലേക്കുള്ള വരവും മടക്കയാത്രയും നോക്കി ഘടികാരം തിരിച്ചു വയ്ക്കുമായിരുന്നു. അത്രമാത്രമായിരുന്നു കൃത്യനിഷ്ഠ. അവരുടെ രസകരങ്ങളായ ക്ലാസ്സുകൾ നിശ്ശബ്ദരായി ശ്രവിക്കുവാൻ വിദ്യാർത്ഥികൾ ആകാംക്ഷയോടെ കാത്തിരിക്കുമായിരുന്നു. കുട്ടികളുടെ ഏതുചോദ്യങ്ങൾക്കും പണ്ഡിതോചിതമായ മറുപടി ലഭിച്ചിരുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾക്ക് ഹൃദയം തുറന്നുള്ള പ്രോത്സാഹനം നൽകിയിരുന്നു. ചുമതലാ ബോധം ഇല്ലാത്തവർക്ക് കഠിന ശിക്ഷയും നൽകിയിരുന്നു. കുട്ടികളിൽ ബഹുഭൂരിപക്ഷവും മോഡറേഷൻ കൂടാതെ തന്നെ ജയിച്ചിരുന്നു.

ഇന്നത്തെ സ്ഥിതി എത്രയോ പരിതാപകരം സമൂഹത്തിലെ ഭാവി തലമുറയുടെ വഴികാട്ടികളാണ് തങ്ങളെന്ന യാഥാർത്ഥ്യം വിസ്മരിച്ച്, സമൂഹത്തോടുള്ള ഉത്തരവാദിത്വം മറന്ന് വേതനം, ഉദ്യോഗക്കയറ്റം, സ്ഥലംമാറ്റം, സംഘടനാ പ്രവർത്തനം എന്നിവയെക്കുറിച്ചെല്ലാം സദാ ചിന്തിക്കുന്ന അദ്ധ്യാപകരല്ലെ ഇന്ന് നമുക്കുള്ള. വിദ്യാർത്ഥികളുടെ അച്ചടക്കമാണെങ്കിൽ ശോചനീയമാം വിധം തകർന്നിരിക്കുന്നു. കുട്ടികളിന്ന് രാഷ്ട്രീയക്കാരുടെ കളിപ്പാവകളായി മാറിയിരിക്കുന്നു. രക്ഷാകർത്താക്കളാണെങ്കിൽ പലവിധ ജോലിത്തിരക്കുകൾ മൂലം കുട്ടികളുടെ ദൈനം ദിന കാര്യങ്ങളിൽ ശ്രദ്ധിക്കുന്നുമില്ല.

ഇന്ന് റാങ്കു് ജേതാക്കളായി കൊട്ടിഘോഷിക്കപ്പെടുന്ന കുട്ടികളുടെ ഉയർന്ന മാർക്കുകൾ പലപ്പോഴും ഊതിവീർപ്പിച്ചതല്ലെ? സമർത്ഥരായ കുട്ടികളെ മാത്രം തെരഞ്ഞെടുത്ത് കർശനമായ വിദ്യാഭ്യാസം നൽകി അതിൽ നിന്നും അതിസമർത്ഥരെ മാത്രം തെരഞ്ഞെടുത്ത് പരീക്ഷയ്ക്കിരുത്തി നൂറുശതമാനം നേടുന്നതിൽ അത്ഭുതപ്പെടുവാനായി എന്തുണ്ട്? ഏറ്റവും താഴേക്കിടയിലുള്ള കുട്ടികളെയും സാമം, ദാനം, ഭേദം, ദണ്ഡം എന്നീ ചതുരുപായങ്ങൾ പ്രായോഗിച്ച് സമർത്ഥരാക്കുന്നതിലാണ് അദ്ധ്യാപകരുടെ മിടുക്ക് കുടികൊള്ളുന്നത്.

ഇന്ത്യയെപ്പോലെയുള്ള ഒരു വികസ്വര രാഷ്ട്രത്തിൽ അദ്ധ്യാപകർക്കുള്ള പങ്ക് വളരെ വലുതാണ്. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം തന്നെ അദ്ധ്യാപകർ അവരുടെ ചുമതലകളെക്കുറിച്ചും ബോധവാന്മാരായിരിക്കണം. നാളെയുടെ ഭാവി ക്ലാസ് മുറികളിലാണ്. കുട്ടികളുടെ വളർച്ചയിൽ മാതാ പിതാക്കന്മാരോടൊപ്പമുള്ള പങ്ക് അദ്ധ്യാപകർക്കുണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിക്കാവതല്ല.

പുതിയ അദ്ധ്യായന വർഷം അനുഗ്രഹ പ്രദമായിത്തീരുവാൻ നമുക്ക് പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ബലഹീനനായ

തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

# ധ്യാനപംക്തി

## അല്പത്തിൽ വിശ്വസ്തൻ അധികത്തിലും

—ഫാ. സജി ദാനിയേൽ, ലക്നൗ

സാമൂഹിക ജീവിതത്തിന്റെ കെട്ടുറപ്പിന് അടിസ്ഥാനവും ദൈവത്തോടുള്ള ആത്മീയ ബന്ധത്തിന്റെ നിലനിൽപും 'വിശ്വസ്തത'യാണ് അബ്രഹാം ദൈവത്തോടുള്ള ബന്ധത്തിൽ സകലത്തിനും വിശ്വസ്തനായിരുന്നു. യഹോവ അബ്രഹാമിന്റെ ഹൃദയം തന്റെ മുമ്പാകെ വിശ്വസ്തമായി കണ്ടു (നെഹമ്യാ9:8) അതു കൊണ്ടു തന്നെ ദൈവം അബ്രഹാമിന് ഭൂമിയിലും സ്വർഗത്തിലും ഒരു പോലെ മഹത്വപൂർണ്ണമായ പദവികൾ നൽകി. വിശ്വസ്തന്മാരുടെയും വിശ്വാസികളുടെയും 'പിതാവാ'യി അബ്രഹാം അറിയപ്പെടുന്നു. വിശ്വസ്തതയുടെ എതിരാണല്ലോ അവിശ്വസ്തത അഥവാ 'നീതികേട്'. ഈ രണ്ടു സ്വഭാവങ്ങളും രണ്ടു ധ്രുവങ്ങളിൽ സഞ്ചരിക്കുന്നു. ഇവ രണ്ടും ഒരാളിൽ ഒരേ സമയം സംയോജിക്കുവാനായി കഴിയുകയുമില്ല. വിശ്വസ്തത നീതിയെങ്കിൽ അവിശ്വസ്തത അനീതിയാണ്. അതു കൊണ്ടു തന്നെയാണ് യേശുതമ്പുരാൻ ഒരുവന് രണ്ടുയജമാനൻമാരെ ഒരേസമയം സേവിപ്പാൻ കഴിയുകില്ല' എന്നു് അരുളിചെയ്തതു് (വി.ലൂക്കോസ് 16:13) ഒരേ സമയം ദൈവത്തെയും ദ്രവ്യത്തെയും സേവിപ്പാൻ കഴികയില്ല

### വിശ്വസ്തൻ

ചതിയും വഞ്ചനയും ദിനംപ്രതി വർദ്ധിച്ചുവരുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നതു്. സഹപ്രവർത്തകരുമായുള്ള ബന്ധത്തിൽ വിശ്വസ്തതയുടെയും അവിശ്വസ്തതയുടെയും പ്രമാണങ്ങൾ പഠിക്കുന്നു. സത്യസന്ധമല്ലാതെ നമ്മോടുതന്നെ ചിലർ ഇടപെടുന്നു. അന്യോന്യം മല്ലിട്ടും, കുതികാൽ വെട്ടിയും, സഹപ്രവർത്തകരെയും, സഭയിൽ വിശ്വാസികളെയും തരംതാഴ്ത്തി സ്വന്തം സ്ഥാനമാനങ്ങൾ ഉറപ്പിക്കാനായി ശ്രമിക്കുന്ന ഒരുകൂട്ടർ ഇന്നു് സർവസാധാരണയാണ്. ദൈവനീതിക്കു് വിരുദ്ധമായ ഈ പ്രവർത്തനങ്ങളുടെ പിന്നിലുള്ള കൗശലവും ആസൂത്രണചാതുര്യവും കാണുമ്പോൾ ഈപ്രവർത്തിചെയ്യുന്നവരെ 'ബുദ്ധിമാൻമാർ' എന്നു് ആധുനിക മനുഷ്യൻ വിശേഷിപ്പിക്കാറുണ്ടു്. ഈ ബുദ്ധി (കുബുദ്ധി) വഞ്ചനയിലും ചതിയിലും വേരുറച്ചു് വളർന്നതിന്റെ ഫലമാണ്. മറ്റുള്ളവരുടെ മുൻപിൽ മാന്യതപിടിച്ചു പറ്റുന്നതിനു് വേണ്ടിയും, അങ്ങാടിയിൽ വന്ദനവും പള്ളിയിൽ മുഖ്യാസനവും ലഭിക്കുന്നതിനുവേണ്ടിയും ഈ കുബുദ്ധി സഭയിൽ പലരും ഉപയോഗിക്കാറുണ്ടു്. കാര്യസാധ്യത്തിനുവേണ്ടി വ്യാജമാർഗത്തിലൂടെ ഇടവക വികാരിമാരെ സമീപിക്കുന്നവരും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.





### ദൈവംസാക്ഷി

ആരെയെങ്കിലും ബോദ്ധ്യപ്പെടുത്തുന്നതിനോ കാണിക്കുന്നതിനോ ഇടവക വികാരിമാരുടെ സർട്ടിഫിക്കേറ്റുകൾ കിട്ടുന്നതിനോ ആയിരിക്കരുതു് ക്രൈസ്തവ ജീവിതവും പ്രവർത്തനങ്ങളും. പ്രതിഫലം ഉയരത്തിൽ നിന്നു് കിട്ടുന്നതാണ്. നമ്മുടെ ഓരോ ചലനങ്ങൾക്കും പ്രവർത്തനങ്ങൾക്കും വിശ്വാസവും വിശ്വസ്തതയും ഉണ്ടാവണം. കാരണം ദൈവത്തിലാണ് ഒരു വിശ്വാസി ജീവിക്കുകയും പ്രവർത്തിക്കയും ചെയ്യുന്നത്. അപ്പോൾ സഭയിലും സമൂഹത്തിലും വിശ്വാസികൾക്ക് ലഭ്യമാകാൻ ആഗ്രഹിക്കുന്ന ബഹുമാനവും സ്നേഹവും അംഗീകാരവും ലഭിക്കുന്നു. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനാകുമ്പോൾ വലിയകാര്യങ്ങളിൽ വിചാരകനായി നിയമിക്കും. ഈ ഒരു മനോഭാവമാണ് വിശ്വാസികളുടെ ജീവിതത്തെ സഭയിലും സമൂഹത്തിലും നയിക്കേണ്ടത്. ഇന്നുകാണുന്ന സകല താളപ്പിഴകൾക്കും കാരണം വിശ്വസ്തതയുടെ പ്രമാണങ്ങൾ ലംഘിക്കുന്നതുകൊണ്ടാണ്. എല്ലാംകണ്ടും എല്ലാററിനും സാക്ഷിയായി ദൈവം നമ്മിൽ വസിക്കുന്നു. അവിടുത്തെ ജീവിതമായിരിക്കണം നമ്മുടെ മനഃസാക്ഷിയിൽ എപ്പോഴും തെളിഞ്ഞുനിൽക്കേണ്ടതു്.

### കാര്യസ്ഥൻ

വി. ലൂക്കോസ് 16:1–13 വരെയുള്ള വാക്യങ്ങൾ അവിശ്വസ്തനായ ഒരു കാര്യസ്ഥൻറേതാണ്. യജമാനന്റെ വിശ്വാസത്തെ അയാൾ ചൂഷണത്തിനും ചതിക്കുമുള്ള അവസരങ്ങളാക്കിത്തീർത്തു. അവസാനം ചൂഷണത്തിൽ പിടിക്കപ്പെട്ട കാര്യസ്ഥനെ ജോലിയിൽ നിന്നു് പിരിച്ചു വിടുകയും ചെയ്യുന്നു. 10–13 വരെയുള്ള വാക്യത്തിൽ യേശുതമ്പുരാൻ കാര്യസ്ഥന്റെ പരാജയ കാരണം വ്യക്തമാക്കുന്നു. നിങ്ങൾ അനീതിയുള്ള മാമ്മോനിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായതു് നിങ്ങളെ ആർ ഭരമേൽപിക്കും ? (വാ. 11) അവിശ്വസ്തതയായിരുന്നു അയാളുടെ പരാജയ കാരണം. അതു് ആദ്യമൊക്കെ ചെറിയകാര്യങ്ങളിൽ ആയിരുന്നിരിക്കാം. പതുക്കെ അതു് വലിയ കാര്യങ്ങളിലേക്ക് പ്രവേശിച്ചു. അതായതു് ചെറിയ ചൂഷണം വലിയ ചൂഷണത്തിന് വഴിതെളിച്ചു. ആദ്യമൊക്കെ യജമാനൻ കാര്യസ്ഥന്റെ ചെറിയ ചെറിയ കുററങ്ങൾ 'ബുദ്ധിമോശം' അല്ലെങ്കിൽ 'അശ്രദ്ധ' എന്നു് വച്ചു് അവഗണിച്ചിരിക്കാം. വലിയ കാര്യങ്ങളിലും ഈ തെററുകൾ ആവർത്തിച്ചപ്പോഴാണ് തന്നോടു് കാട്ടിയ അവിശ്വസ്തതയായിരുന്നുവെന്നു് മനസിലാക്കിയതു്. അങ്ങനെ യജമാനൻതന്നെ ഒരു പാഠം പഠിക്കയും ''വലിയൊരു ജീവിതപ്രമാണം' സമൂഹത്തിന് നൽകുകയും ചെയ്തു. **'ചെറിയ കാര്യത്തിൽ വിശ്വസ്തൻ വലിയ കാര്യത്തിലും വിശ്വസ്തനായിരിക്കും. ചെറിയ കാര്യത്തിൽ അവിശ്വസ്തൻ വലിയകാര്യത്തിലും അവിശ്വസ്തനായിരിക്കും,**

# വിശ്വാസ വിപരീതികളെ സൂക്ഷിക്കുക......

—ഫാ. ടി. ടി. തോമസ്, ആലാ

ആകയാൽ ആ നാളും നാഴികയും സംബന്ധിച്ചു സൂക്ഷിച്ചു കൊൾവിൻ 'അന്നു ആരെങ്കിലും നിങ്ങളോടു ഇതാ ക്രിസ്തു ഇവിടെ എന്നോ അതാ അവിടെ എന്നോ പറഞ്ഞാൽ വിശ്വസിക്കരുതു കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും എഴുന്നേററു കഴിയും എങ്കിൽ വൃതന്മാരെയും തെററിപ്പാനായി അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. നിങ്ങളോ സൂക്ഷിച്ചു

'ഈ അനീതിയുള്ള കാര്യവിചാരകൻ ബുദ്ധിയോടെ പ്രവർത്തിച്ചതുകൊണ്ട് യജമാനൻ അവനെ പുകഴ്ത്തി' (16:18) എന്ന് പറയുമ്പോൾ യജമാനനിൽ നിന്നുതന്നെ അഭിമാനത്തിൻെറ പൂച്ചെണ്ട് സ്വീകരിപ്പാൻതക്ക കൗശലമുള്ളയാളായിരുന്നു കാര്യസ്ഥൻ. എന്നാൽ ഈ ദീർഘവീക്ഷണവും വിവേകവും, നയചാതുര്യവും എല്ലാംതന്നെ ലൗകീക നേട്ടങ്ങൾക്കുവേണ്ടിയും അദ്ദേഹത്തിൻെറ ഭാവി സുരക്ഷിതപ്പെടുത്തുന്നതിനുവേണ്ടിയുമായിരുന്നു. ഭാവി സുരക്ഷിതത്വത്തിനുവേണ്ടി വിവേകബുദ്ധിയോടെ പെരുമാറുന്ന കാര്യസ്ഥന്മാർ 'നന്മ' യുടെ കാര്യത്തിൽ ഈ താല്പര്യം കാണിച്ചിരുന്നുവെങ്കിൽ എത്ര അഭികാമ്യമായിരുന്നു.

ദൈവം വിശ്വസ്തനാണ്. വിശ്വസ്തതയുടെ ഒരു വിളിയാണ് വിശ്വാസികൾ. യജമാനനോടുള്ള ഈ വിശ്വസ്തതയും കരുതലും നാളെക്കായി മാററിവെക്കുന്നത് ആപൽക്കരമാണ്. ''നിങ്ങൾക്ക് കൈവന്നിരിക്കുന്ന ദൈവീക കൃപയെ വ്യർത്ഥമാക്കരുത്'' (2 കൊരി. 6:1) എന്ന് സഹപ്രവർത്തകരെ പ. പൗലോസ് ഉത്ബോധിപ്പിക്കുന്നു. ആ ദൈവീക കൃപയാണ് വിശ്വസ്തത. ''നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും; നിൻെറ യജമാനൻെറ സന്തോഷത്തിലേക്ക് പ്രവേശിക്ക'' (വി.മത്തായി 25:23) ഈ ദൈവിക ശബ്ദം കേൾക്കുവാൻ ഏവർക്കും ഇടയാകണം. ദൈവം നമ്മിൽ നിന്നാഗ്രഹിക്കുന്നത് ഒരു നിശ്ചിത സമയത്തിൻേറയോ ദിവസത്തിൻെറയോ വിശ്വസ്തതയല്ല. മറിച്ച് ഒരു മനുഷ്യായുസിൻെറ മുഴുവൻ വിശ്വസ്തതയാണ്. ജീവിതത്തിൻെറ ഓരോ നിമിഷവും നമ്മോടും നാം ഉൾക്കൊള്ളുന്ന കുടുംബത്തോടും സമൂഹത്തോടും സഭയോടും ഈ വിശ്വസ്തത നിലനിർത്തേണ്ടതാണ്. അവിടെ അനുഗ്രഹവും ശാശ്വത നീതിയും ലഭിക്കുന്നതോടൊപ്പം നീതിയുടെയും സത്യത്തിൻെറയും കാര്യവിചാരകനായി നല്ലവനായ യജമാനൻ നമ്മെ നിയമിക്കുകയും ചെയ്യും. ❋





കൊൾവിൻ' (മർക്കോസ് 13:21,22) അടയാളങ്ങളും അത്ഭുതങ്ങളുംകാട്ടി ഇന്നു പലരും നമ്മെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. വേദവിപരീതികൾ വിവിധ മാർഗ്ഗങ്ങളിലൂടെ അനേക വിശ്വാസികളെ തെററിക്കുകയും പൂർവ്വികന്മാരുടെ ആചാരങ്ങളെയും മര്യാദകളെയും ഉപേക്ഷിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അതും വേദപുസ്തകത്തിൻെറ വികല വ്യാഖ്യാനത്തിൻെറ വെളിച്ചത്തിൽ പ്രൊട്ടസ്ററൻറു വിഭാഗക്കാർ, പ്രത്യേകിച്ചു അനേക പെന്തക്കോസ്തു ഗ്രൂപ്പുകൾ, അതേതുടർന്നു കരിസ്മാററിക് പ്രവർത്തനം ഇപ്പോഴിതാ ഈ നാട്ടിലെങ്ങും വലിയ പ്രചാരമില്ലായിരുന്ന യഹോവാ സാക്ഷികളും.

എല്ലാവരും രക്ഷയെക്കുറിച്ചു പ്രസംഗിക്കുന്നു. അവരവരുടെ ഗ്രൂപ്പിൻെറ അനന്യതയെ വർണ്ണിക്കുന്നു. ആളുകളെ പ്രലോഭിപ്പിക്കുന്നു. വലിയ പരിജ്ഞാനമില്ലാത്ത പെണ്ണുങ്ങൾ ഇതിലേതു വേണമെന്നറിയാതെ കുഴങ്ങുന്നു. 'വീടുകളിൽ നൂണു കടക്കുകയും പാപങ്ങളെ ചുമന്നുകൊണ്ടു നാനാമോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിൻെറ പരിജ്ഞാനം പ്രാപിക്കുവാൻ സാധിക്കാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയുംചെയ്യുന്നവർ' (2തീമോ. 3:6, 7) ആ ബലഹീനതയെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. 'ഉണർവിൻെറ കാഹളം' ധ്വനിപ്പിച്ചു കൊണ്ടിരുന്ന പല സെക്ടേറിയൻ ഗ്രൂപ്പുകളും ഇന്നു മന്ദീഭവിച്ചു കൊണ്ടിരിക്കുകയാണ്. ക്രിസ്തുവിൻെറ സഭ എന്നും നിലനിൽക്കുകയും ചെയ്യുന്നു.

ഇപ്പോൾ പ്രചരണം നടത്തുന്ന യഹോവാ സാക്ഷികളെപ്പററി ചില സത്യങ്ങൾ ഇവിടെ വെളിപ്പെടുത്തുവാനാഗ്രഹിക്കുന്നു.

## യഹോവയുടെ സാക്ഷികൾ

ചാൾസ് ടെയ്സ് റസ്സൽ എന്ന അമേരിക്കക്കാരനാണ് ഇതിൻെറ സ്ഥാപകൻ. 1879 നോടടുത്താണ് ഇതിൻെറ ഉത്ഭവം. പൊതുവെ റസ്സൽ മതം എന്നറിയപ്പെട്ടിരുന്ന ഇവർ 1931നു ശേഷമാണ് യഹോവയുടെ സാക്ഷികൾ എന്ന പേരു സ്വീകരിച്ചത്.

ഒരു തരത്തിൽ യഹൂദന്മാർ തന്നെയാണ് റസൽ മതക്കാർ എന്നു പറയാം. അവർ യേശുവിനെ അംഗീകരിക്കുകയോ വിശ്വസിക്കുകയോ ചെയ്യുന്നില്ല. പഴയ നിയമ വെളിപാടു മാത്രം സ്വീകരിച്ചിട്ടുള്ളവരാണ് ഇവർ. യെശയ്യാ പ്രവചനം 43:10 ആണ് ഈ പേരിന് അടിസ്ഥാനമായി അവർ സ്വീകരിച്ചിട്ടുള്ളത്.

## പ്രചാരണതന്ത്രം

റസ്സൽ മതക്കാർ നമ്മുടെ വീടുകളിലേക്കു കയറിവന്ന് ക്രിസ്തു ദൈവമല്ലെന്നോ ത്രിത്വമില്ലെന്നോ ക്രൈസ്തവ സഭകൾ തെററാണെന്നോ ആദ്യം പറയുകയില്ല. മരണത്തിൻെറ ഭയാനകതയും ലോകരാഷ്ട്രങ്ങളിലെ സംഭവ വികാസങ്ങൾ തിരുവെഴുത്തിൻെറ അടിസ്ഥാനത്തിൽ വസ്തുനിഷ്ഠമായി പ്രതിപാദിച്ചുകൊണ്ടുള്ള തുടക്കമായിരിക്കും. വേദപുസ്തകത്തിന്

അവരുടേതായ വ്യാഖ്യാനങ്ങൾ നൽകിയാവും വിശദീകരിക്കുക. അവരുടെ വേദവ്യാഖ്യാനങ്ങളും, ലഘുലേഖനങ്ങളും, മാസികകളും മററും സൗജന്യ നിരക്കിൽ ഏൽപിക്കുകയും ചെയ്യും. ഇവരുടെ വാക്ചാതുര്യത്തിനു മുമ്പിൽ ആകൃഷ്ടരായി പോകുവാൻ സാധ്യതയുണ്ട്.

വേദവാക്യങ്ങൾക്ക് ഇവർ ബാലിശമായ ആക്ഷരിക വ്യാഖ്യാനം നൽകുന്നു. ഉദാ: ലേവ്യ. 17:14 ൽ 'യാതൊരു ജഡത്തിന്റെയും രക്തവും നിങ്ങൾ ഭക്ഷിക്കരുത്...' ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ രക്തം ദാനം ചെയ്യുന്നതും, സ്വീകരിക്കുന്നതും ഇവർ വിലക്കുന്നു. ഒരുവനുവേണ്ടി തന്റെ ജീവനെ നൽകുന്നതിൽ വലിയ സ്നേഹമില്ല എന്നു കർത്താവു തന്നെ പറഞ്ഞതും, ലേവ്യപുസ്തകത്തിന്റെ കാലഘട്ടത്തിൽനിന്നു വ്യത്യസ്തമായ ഇന്നത്തെ സാഹചര്യവും അവർ ചിന്തിക്കുന്നതേയില്ല.

രൂപകമായി വെളിപാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന സംഖ്യകളുടെ അർത്ഥം ഇവർ ആക്ഷരികമായിട്ടെടുക്കുന്നതുകൊണ്ട് സ്വർഗ്ഗരാജ്യത്തിൽ പോകുന്നവരുടെ സംഖ്യ 144000 ആയി ക്ളിപ്തപ്പെടുത്തിയിരിക്കയാണ്. മാത്രമല്ല ആ സംഖ്യ തികഞ്ഞു കഴിഞ്ഞു എന്നുമാണ്.

## ദുരുപദേശങ്ങൾ

1) ത്രിത്വ വിശ്വാസം പൈശാചിക ഉപദേശമാണ്.

2) യേശുക്രിസ്തു ദൈവമല്ല ഒരു സൃഷ്ടി മാത്രമാണ്. യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ വെറും മനുഷ്യൻ മാത്രമായിരുന്നു.

യേശുക്രിസ്തു യഹോവയ്ക്ക് വിധേയനായിരുന്നതുകൊണ്ട് യഹോവ ഉയിർപ്പിച്ചു. ദൈവത്വത്തിലേക്ക് കരേററി.

3) പരിശുദ്ധാത്മാവ് ദൈവത്വമോ ആളത്വമോ അല്ല.

4) മനുഷ്യൻ മരിച്ചാൽ അവന്റെ ആത്മാവ് അവശേഷിക്കുന്നില്ല മനുഷ്യനും മൃഗവും മരണത്തിൽ ഒരുപോലെ.

5)a 1918-ൽ യേശുക്രിസ്തു തന്റെ രാജ്യം സ്ഥാപിച്ചു സിംഹാസനത്തിൽ ആരൂഢനായി.

b) 1935 നു മുമ്പു വിശ്വസിച്ച 144000 റസ്സൽ മതക്കാർക്കു മാത്രം സ്വർഗം.

**ദുരുപദേശങ്ങളാകുന്ന പാതാള ഗോപുരങ്ങളാൽ ഇളക്കപ്പെടാതെ സഭയുടെ വിശ്വാസം സംരക്ഷിക്കുവാൻ നാം ബാധ്യസ്ഥരാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലെല്ലാം വിഷം കലർത്തി അവതരിപ്പിക്കുന്നവരെ ''വീട്ടിൽ കൈക്കൊള്ളുകയോ അവരുമായി കുശലം പറയുകയോ'' ചെയ്യരുതെന്നു യോഹന്നാൻ ശ്ലീഹാ വിലക്കിയിട്ടുണ്ട്.**





# കരിസ്മാററിക്ക് അനിവാര്യം

—പി. ജെ, അലക്സാണ്ടർ, വൻമഴി

*കഴിഞ്ഞലക്കം ബഥേൽ പത്രികയിൽ വന്ന ഫാ. എ. എം. വർഗീസ് പന്തളത്തിന്റെ ലേഖനത്തിനു പ്രതികരണമായി താഴെപ്പറയുന്ന കാര്യങ്ങൾ എഴുതുന്നു.*

എക്യമനിസത്തിനു വളരെയേറെ പ്രാധാന്യം കൊടുത്തു പ്രവർത്തിക്കുന്നു എന്നു പൊതുജനത്തിനുധാരണ കൊടുത്തുകൊണ്ടിരിക്കുന്നഈകാലയളവിൽ തികച്ചും യാഥാസ്ഥിതികപാരമ്പര്യങ്ങൾ മുറുകെപ്പിടിച്ചിരുന്ന കത്തോലിക്കാ സഭപോലും കരിസ്മാററിക്കു പ്രവർത്തനങ്ങൾക്കു പ്രചോദനം കൊടുത്തു

---

c) അർമ്മഗദോൻ യുദ്ധം ആസന്ന ഭാവിയിൽ നടക്കും അതിൽ യഹോവയുടെ സാക്ഷികൾ അല്ലാത്തവർ എല്ലാം നശിക്കും.

മേൽപറഞ്ഞ ദുരുപദേശങ്ങൾ നിലനിൽക്കുന്നവയല്ല എന്നു വേദപുസ്തകം പഠിച്ചാൽ നമുക്കു മനസ്സിലാകും. വേദപുസ്തകത്തിനു റസൽ മതക്കാർതന്നെ നൽകിയ വ്യാഖ്യാന ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ ഇതു സ്ഥാപിക്കുന്നത്. ഈ ദുരുപദേശങ്ങളുടെ വെളിച്ചത്തിൽ യഹോവയുടെ സാക്ഷികൾ ക്രിസ്ത്യാനികളേയല്ല എന്നു നമുക്കു മനസ്സിലാക്കാം. ക്രിസ്തീയ സഭയുടെ അടിസ്ഥാനംതന്നെ 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നു' (മത്താ. 16:16) എന്ന പത്രോസ് ശ്ലീഹായുടെ സാക്ഷ്യമാകുന്നു. ആയതിനു കർത്താവുതന്നെ കൊടുക്കുന്ന മറുപടിയും ശ്രദ്ധിക്കുക. 'ബർയോനാ ശീമോനേ ജഡരക്തങ്ങളല്ല ഇതു നിനക്കു വെളിപ്പെടുത്തിയതു...... നീ പത്രോസാകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങൾ അതിനെ ഇളക്കുകയില്ല.' (മത്താ. 16: 17, 18) ദുരുപദേശങ്ങളാകുന്ന പാതാള ഗോപുരങ്ങളാൽ ഇളക്കപ്പെടാതെ സഭയുടെ വിശ്വാസം സംരക്ഷിക്കുവാൻ നാം ബാധ്യസ്ഥരാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലെല്ലാം വിഷം കലർത്തി അവതരിപ്പിക്കുന്നവരെ 'വീട്ടിൽ കൈക്കൊള്ളുകയോ അവരുമായി കുശലം പറയുകയോ ചെയ്യരുതെന്നു, യോഹന്നാൻ ശ്ലീഹാ വിലക്കിയിട്ടുണ്ട്. (2യോഹ. 10-ാം വാക്യം) തിരുവെഴുത്തു മാത്രം ആധാരമെന്നു അവകാശപ്പെട്ടുകൊണ്ട് സനാതനങ്ങളായ നിർമ്മല സത്യങ്ങളെ വികലമാക്കുന്നവരുടെ പ്രവർത്തി തികച്ചും അപലപനീയം തന്നെ. ആകയാൽ വിശ്വാസികൾ വളരെ ജാഗ്രതയോടിരിക്കുക കുഞ്ഞാടുവേഷധാരികളായ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ ഉണ്ട്.

തുടങ്ങിയിരിക്കുന്ന ഈ സമയത്ത് സഹോദരി സഭയായ ഓർത്തഡോക്സ് സഭയിലെ ഒരു വന്ദ്യ വൈദികൻ അതേപ്പററി ഇത്ര പ്രകോപിതനായി കണ്ടതിൽ ഒരു എളിയ സഭാസ്നേഹിയായ ഞാൻ അത്യധികം അത്ഭുതപ്പെടുന്നു, വേദനിക്കുന്നു.

ഞാൻ ചെങ്ങന്നൂർ ബഥേൽ അരമനയ്ക്കടുത്ത് നടന്ന കരിസ്മാററിക്ക് യോഗത്തിൽ ഉൾപ്പെടെ മൂന്നാല് തവണ സംബന്ധിച്ചിട്ടുണ്ട്. അതിൽ നിന്നും മനഃശ്ശാന്തിയും അനുഗ്രഹവും ലഭിച്ചതല്ലാതെ ഒരു ദോഷവും ഞാൻ കണ്ടില്ല. അതിനാൽ സഭയോടുള്ള കൂറ് ഒട്ടുംകുറഞ്ഞിട്ടുമില്ല. ആരും സഭയോ മതമോ വിട്ടുവരാൻ അവിടെ പറയുന്നില്ല. നമ്മുടെ വി. കുർബാനയിൽ വന്ദ്യപട്ടക്കാരൻ ചൊല്ലുന്ന സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞു പോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും ഇടവിടാതെ കരേററുവാൻ ഞങ്ങൾ യോഗ്യരായി തീരേണമെ എന്ന പ്രാർത്ഥന ആർക്കുവേണ്ടിയുള്ളതാണ്? ''ഞങ്ങളും വിശ്വാസമുള്ള സഭയുടെ മക്കൾ എല്ലാവരും നിനക്കും നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എന്നന്നേക്കും സ്തുതിയും സ്തോത്രവും കരേററുമാറാകേണമെ' എന്ന പ്രാർത്ഥന ആർക്കുവേണ്ടിയുള്ളതാണ്? ''കർത്താവിനെ അവന്റെ ശുദ്ധസ്ഥലത്തു സ്തുതിപ്പിൻ. അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ. അവന്റെ വല്ലഭത്വത്തിൽ അവനെ സ്തുതിപ്പിൻ. കൊമ്പിന്റെ ശബ്ദത്താൽ അവനെ സ്തുതിപ്പിൻ. തംബുരുകളാലും വീണകളാലും അവനെ സ്തുതിപ്പിൻ. തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ. മാധുര്യമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ. നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ. ശബ്ദത്താലും ആർപ്പുവിളിയാലും അവനെ സ്തുതിപ്പിൻ. എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ ഇതു് ആർക്കുവേണ്ടിയാണ്?

വി. കുർബാന അർപ്പിക്കുന്ന വൈദികർ കൈകൾ മേലോട്ട് ഉയർത്തുകയും ശോശപ്പാ ആഘോഷണ സമയത്ത് കൈകൾ വിറപ്പിക്കുകയും കാസായും പീലാസായും എടുത്തു പടിഞ്ഞാറോട്ടുവന്നു ക്രോസായി കൈകൾ പിടിക്കുകയും ഒക്കെ ചെയ്യുന്നില്ലെ?

ഓരോ കരിസ്മാററിക് കൺവെൻഷനിലും പതിനായിരത്തിൽ കൂടുതൽ വിശ്വാസികൾ പങ്കെടുക്കുന്നുണ്ട്. അവരെല്ലാം ഒന്നിച്ചു പാടുകയും സ്തുതിക്കുകയും ചെയ്യുമ്പോൾ ആത്മാവിന്റെ ആവാസം സ്വാഭാവികമായി ഉണ്ടാകുകയും അവർ കൈകൾ ചലിപ്പിക്കുകയൊ കൊട്ടുകയൊ ഒക്കെ ചെയ്യും. ഇതു വലിയ ഒരു കുററകൃത്യമാണോ ?



## ബാലപംക്തി

''യഹോവേ രക്ഷിക്കണമെ, ഭക്തൻമാർ ഇല്ലാതെ പോകുന്നു വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു.'' (സങ്കീ. 12:1)

— *ഷൈനി എ. ജോൺ, കുരമ്പാല*

മററുള്ളവരാൽ അംഗീകരിക്കപ്പെടാനും വിശ്വസ്തൻ എന്നു പറഞ്ഞ് കേൾക്കാനും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നു. മററുള്ളവരെ സഹായിക്കുന്നവൻ, വിശ്വസ്തൻ, സത്യസന്ധൻ.... ഇങ്ങനെയെല്ലാം അറിയപ്പെടാൻ അവൻ ആഗ്രഹിക്കുന്നു. സദൃ. 11:13 ൽ 'ഏഷണിക്കാരൻ രഹസ്യം വെളിപ്പെടുത്തുന്നു; വിശ്വസ്ത മാനസനോ കാര്യം മറച്ചുവെയ്ക്കുന്നു'വെന്നു് കാണാം. രഹസ്യം സൂക്ഷിച്ചുവെയ്ക്കുന്ന വിശ്വസ്തനെയാണ് ദൈവത്തിനും മനുഷ്യർക്കും ആവശ്യം. ഒരു വിഭാഗം ആളുകൾ മററുള്ളവരുടെ അംഗീകാരംകിട്ടാൻവേണ്ടി രഹസ്യം വെളിപ്പെടുത്തുമ്പോൾ മറേറ കൂട്ടർ പ്രതികാരംചെയ്യാനായി അവിശ്വസ്തത കാട്ടുന്നു.

ഓരോ കരിസ്മാററിക് കൺവെൻഷനിലും പതിനായിരത്തിൽ കൂടുതൽ വിശ്വാസികൾ പങ്കെടുക്കുന്നുണ്ട്. അവരെല്ലാം ഒന്നിച്ചു പാടുകയും സ്തുതിക്കുകയും ചെയ്യുമ്പോൾ ആത്മാവിന്റെ ആവാസം സ്വാഭാവികമായി ഉണ്ടാകുകയും അവർ കൈകൾ ചലിപ്പിക്കുകയൊ കൊട്ടുകയൊ ഒക്കെ ചെയ്യും. ഇതു വലിയ ഒരു കുററകൃത്യമാണോ ? ബ: അച്ചനും അച്ചനെപ്പോലെയുള്ള ചിന്താഗതിക്കാരും ഒന്നുരണ്ടു യോഗങ്ങളിൽ പങ്കെടുത്താൽ നന്നായിരിക്കും.

വൈദ്യശാസ്ത്രം ഉപേക്ഷിച്ച അനേകം രോഗങ്ങളിൽ നിന്നുമോചനം, പത്തും പതിനെട്ടും വർഷം കുട്ടികൾ ഇല്ലാതിരിക്കുന്നവർക്കു കുട്ടികൾ ഉണ്ടാകുക, ആത്മഹത്യയുടെ വക്കിലെത്തിയവർക്കു അതിൽനിന്നു പിൻതിരിയൽ, വർഷങ്ങളായി മദ്യപാനികളായിരുന്നവർക്കു അതിൽ നിന്നു വിടുതൽ, മാനസാന്തരം ഇവയെല്ലാം ഒരാഴ്ചത്തെ കൂട്ടധ്യാനത്തിൽ സംബന്ധിച്ച ശേഷം ലഭിക്കുന്നതു നിസ്സാര കാര്യമാണോ ? ഇവയെല്ലാം മററുമാർഗ്ഗങ്ങളിൽ ഏതെങ്കിലും കൂടെ സാധിച്ചു കൊടുക്കാൻ ബ: അച്ചനു സാധിക്കുമോ ? ഉണ്ടെങ്കിൽ അതിനു വേണ്ട എല്ലാ സഹകരണങ്ങളും നൽകാൻ ഞാനും എന്നെപ്പോലെയുള്ള ധാരാളം വിശ്വാസികളും ഉണ്ടാകും.

ഒരു കാര്യം വ്യക്തമാക്കട്ടെ. കരിസ്മാററിക് യോഗത്തിൽ പങ്കെടുക്കുന്നതുകൊണ്ടു സഭാമാററം ഒന്നും അനിവാര്യമല്ല.

ലക്ഷക്കണക്കിനു രൂപാ കോടതി കേസ്സുകൾക്കു ചെലവിടുകയും വലിയ സൗധങ്ങൾ പണിയാൻ മുടക്കുകയും ചെയ്യുന്നതിൽ ഒരപാകതയും ബ: അച്ചൻ കാണുന്നില്ലല്ലൊ എന്നതിൽ സഹതാപമുണ്ട്.

വി. വേദപുസ്തകം നാം പരിശോധിക്കുമ്പോൾ യോസഫ്, യോശുവ, രൂത്ത്, ദാവീദ്... തുടങ്ങിയവർ വിശ്വസ്തതയുടെ പര്യായങ്ങളായി പരിലസിക്കുമ്പോൾ അവിശ്വസ്തതയുടെ ഉദാഹരണങ്ങളായി കായീൻ, ആഖാൻ, ഗേഹസി, ശൗൽ, യൂദാ, അനന്യാസ് സഫീറ ദമ്പതികൾ... ഇങ്ങനെ നീണ്ടുപോകുന്നു ആ പട്ടിക. ഇവരുടെ അവിശ്വസ്തതയെ പറ്റി നമുക്ക് ഒന്ന് ചിന്തിക്കാം.

## കായേൻ

ഭൂമിയുടെ ആരംഭത്തിൽ തന്നെ അവിശ്വസ്തത കണ്ടെത്താം. ആദ്യ മാതാപിതാക്കളുടെ മക്കളായ കായേനും ഹാബേലും ഒരു വഴിപാട് കഴിച്ചു. ഹാബേലിന്റെ യാഗം യഹോവയ്ക്ക് പ്രസാദമായി എന്നു കണ്ട കായേൻ അസൂയയാൽ ഹാബേലിനെ കൊല്ലുന്നു. സ്വന്തം സഹോദരനോട് അവിശ്വസ്തത കാട്ടിയ കായേനെ യഹോവ ശപിക്കുന്നു (ഉല്പ. 4:12)

## ആഖാൻ

യിസ്രായേൽ മക്കൾ യെരിഹോ പട്ടണം നശിപ്പിച്ചപ്പോൾ ശപഥാർപ്പിത വസ്തുക്കൾ ഒന്നുംതന്നെ അവിടെ നിന്നെടുക്കരുതെന്ന് യഹോവ അരുളിച്ചെയ്തിരുന്നു. എന്നാൽ യിസ്രയേൽ മക്കളിൽ കർമ്മിയുടെ മകനായ ആഖാൻ ശപഥാർപ്പിത വസ്തുവിൽ ചിലതെടുത്തുകൊണ്ടുപോന്നു. യഹോവയുടെ കോപം യിസ്രയേൽ മക്കളുടെ നേരെ ജ്വലിച്ചു. യഹോവയുടെ നിർദ്ദേശപ്രകാരം യോശുവ അവനെയും അവന്റെ കുടുംബത്തെയും ആഖോർ താഴ്വരയിൽ കൊണ്ടുവന്നു. അവർ അവരെ കല്ലെറിഞ്ഞു കൊന്നിട്ടു, തീയിൽ ഇട്ടു ചുട്ടുകളഞ്ഞു. യഹോവയോട് അവിശ്വസ്തത കാട്ടിയ ആഖാന്റെ അനുഭവം ഇത്തരത്തിൽ ഒരു മരണമായിരുന്നു (യോശുവ 7:25).

## ഗേഹസി

ഏലിശായുടെ അവിശ്വസ്ത ഭൃത്യനായി മാറിയവനാണ് ഗേഹസി നയമാന്റെ കുഷ്ഠം മാറിയപ്പോൾ ധാരാളം സമ്മാനം ഏലിശായ്ക്കു കൊടുക്കാൻ തയ്യാറായി എന്നാൽ ഏലിശാ അത് നിരസിച്ചു. എന്നാൽ സ്വത്തിനോടുള്ള അമിത ആഗ്രഹംകൊണ്ട് ഗേഹസി ഏലിശായെ കാണാതെ നയമാന്റെ പുറകെചെന്ന് ഏലിശായ്ക്കുവേണ്ടിയെന്ന് പറഞ്ഞു വിലയേറിയ സമ്മാനങ്ങൾ വാങ്ങുന്നു. ഇതറിഞ്ഞ ഏലിശാ അവനെ ശപിക്കുന്നു. അവന്റെ അവിശ്വസ്തതയുടെ ഫലമായി അവന് നയമാന്റെ കുഷ്ഠരോഗം പിടിക്കുന്നു (1രാജാ. 5:27)

## ശൗൽ

യഹോവയായ ദൈവം തന്നെ രാജസ്ഥാനത്തു കയറ്റി എങ്കിലും; അവസാനം അഹങ്കാരവും യഹോവയായ ദൈവത്തോട് അവിശ്വസ്തതയും കാട്ടിയതുകൊണ്ട് ദൈവാത്മാവ് അവനെ വിട്ടുപോയി. യഹോവയില്ലാതെ ഫെലിസ്തരോട് യുദ്ധം ചെയ്തതിനാൽ ശൗൽ കൊല്ലപ്പെട്ടു. (1ശമു.31:2)





# കരിയ്ക്കും പുകയ്ക്കും പിന്നിലെ 'തീ'

—ഈശോ അലക്സാണ്ടർ, വന്മഴി

കരിസ്മാറ്റിക് പ്രസ്ഥാനം വളർന്നുകൊണ്ടിരിക്കുന്നു എന്നത് ആർക്കും നിഷേധിക്കാനാവാത്ത സത്യമാണ്. അതിനെ വെറും കരിയും പുകയുമായി എഴുതിത്തള്ളുന്നതിനേക്കാൾ ഉപരിയായി ഇതിന്റെ വളർച്ചയുടെ പിന്നിലെ കാരണങ്ങൾ എന്തൊക്കെയാണ് എന്ന് പരിശോധിക്കുന്നതായിരിക്കും ഏറ്റവും ഭംഗി. കൊതുകിനെ അരിച്ചെടുത്തിട്ട് ഒട്ടകത്തെ വിഴുങ്ങിക്കളയുന്ന അവസ്ഥമാറി സ്വയവിമർശനത്തിലൂടെ നമ്മുടെ ഭാഗത്തെ അപാകതകൾ കണ്ടെത്തി അവയെ പരിഹരിച്ച് മുന്നേറുന്നതായിരിക്കും കൂടുതൽ ഉചിതം. കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിലേക്ക് അനേകർ ആകർഷിക്കുന്നു. കാരണങ്ങൾ എന്തെല്ലാം ?

## യൂദാ

മൂന്നര വർഷം യേശുവിനോട് കൂടെ നടന്നു പ്രസംഗം കേട്ട് ശിഷ്യഗണത്തിന്റെ പണസഞ്ചി സൂക്ഷിച്ച യൂദാ 30 വെള്ളിക്കാശിനുവേണ്ടി യേശുവിനെ അഹങ്കാരികളായ യൂദന്മാർക്കു ഒറ്റികൊടുക്കുന്നു. മാനവചരിത്രത്തിലെ ഏറ്റവും വലിയ അവിശ്വസ്തതയായി ഇതിനെ കാണാം. അവസാനം കെട്ടിഞ്ഞാന്നു മരിക്കേണ്ട ദുർവിധിയാണ് അവനുണ്ടായത്.

## അനന്യാസും സഫീറയും

അപ്പോസ്തോലന്മാരുടെ നിർദ്ദേശമനുസരിച്ച് എല്ലാവരും തങ്ങൾക്കുള്ളതെല്ലാം വിറ്റ് അവരുടെ കാൽക്കൽ വച്ചു. അനന്യാസും സഫീറയും തങ്ങൾക്കുള്ളതെല്ലാം വിറ്റെങ്കിലും പണം മുഴുവനും അപ്പോസ്തോലന്മാർക്കു കൊടുക്കാൻ തയ്യാറായില്ല. ദൈവാത്മാവിന്റെ പ്രവർത്തനത്താൽ കാര്യം മനസ്സിലാക്കിയ പത്രോസ് അവരെ ശപിച്ചുവെന്നു തന്നെപറയാം. ആദ്യം അനന്യാസും പിന്നീട് തന്നെ അന്വേഷിച്ചെത്തിയ ഭാര്യയും പുറകോട്ടു വീണു മരിച്ചു. ഒരു പച്ചക്കള്ളം പറയാൻ അവരുടെ അവിശ്വസ്തത അവരെ പ്രേരിപ്പിച്ചു. (അപ്പോ. 6:11)

ഇങ്ങനെ അവിശ്വസ്തതയുടെ ഒരു നീണ്ടനിര തന്നെ വേദപുസ്തകത്തിൽ നമുക്ക് കണ്ടെത്താം. ഇന്നും ലോകത്തിൽ അവിശ്വസ്തത തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ദൈവത്തോടും മനുഷ്യനോടും വിശ്വസ്തത പുലർത്തി ജീവിക്കുന്ന, ലോകത്തെ പ്രകാശിപ്പിക്കാൻ വേണ്ടി സ്വയം കത്തിയെരിയുന്ന മെഴുകുതിരികളായി മാറാൻ നമുക്ക് കഴിയട്ടെ ...!

## എന്തോ ലഭിക്കുമെന്ന തോന്നൽ

പ്രശ്നങ്ങളുടെ മധ്യത്തിൽ പെട്ടുഴലുന്ന മനുഷ്യൻ ആഗ്രഹിക്കുന്നത് പ്രശ്നപരിഹാരമാണ്. തങ്ങളുടെ പ്രശ്നങ്ങൾ കേൾക്കുവാൻ അതിന് പരിഹാരം നിർദ്ദേശിക്കുവാൻ ഒരു വ്യക്തി അല്ലെങ്കിൽ ഒരു സമൂഹം ഉണ്ടെന്ന അവബോധം പിരിമുറുക്കത്തിലിരിക്കുന്ന വ്യക്തിക്ക് ആശ്വാസജനകമാണ്. അത് ഏത് സഭയിലായാലും ഏത് മതത്തിലായാലും അവിടേക്ക് ഓടുവാനുള്ള തീഷ്ണത അവന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഒന്നാണ്. ഇങ്ങനെയുള്ള പ്രസ്ഥാനങ്ങളിൽ വ്യക്തിയെ അവനായിരിക്കുന്ന അവസ്ഥയിൽ കാണുവാൻ ഈ സമൂഹം ശ്രദ്ധിക്കുന്നു എന്നത് ഏറെ സത്യമാണ്. ഇവിടെ നിന്നും ലഭിക്കാത്ത പലതും അവിടെ നിന്നും ലഭിക്കുമെന്ന തോന്നൽ വ്യക്തിയെ ഇപ്രകാരമുള്ള പ്രസ്ഥാനങ്ങളിലേക്ക് ആകർഷിക്കുന്നതിന്റെ പ്രധാന ഘടകമാണ്. നമ്മുടെ സഭയിൽ ഇപ്രകാരമുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുന്നു. അതില്ലാതെ വരുമ്പോൾ അതുള്ളിടത്തേക്ക് പോകുന്ന മനുഷ്യനെ പിടിച്ചു നിർത്തുവാനായി സഭയ്ക്ക് സാധിച്ചില്ലാ എന്ന് വരും.

## വ്യക്തിയുടെ രൂപാന്തരം

മദ്യത്തിനും മയക്കുമരുന്നിനുമൊക്കെ അടിമയായ വ്യക്തികളുടെ രൂപാന്തരത്തിന് ഇത്രയേറെ സഹായിച്ചിട്ടുള്ള ഒരു പ്രസ്ഥാനം ഉണ്ടോ എന്ന് സംശയമാണ്. ഇത്രയധികം മദ്യപാനികളെ ദൈവിക പാതയിലേക്ക് തിരിച്ചുവിടാൻ ഈ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട് എന്നത് ആർക്കും നിഷേധിക്കുവാൻ സാധിക്കുകയില്ല. അവർ നടത്തുന്ന ഈ ശുശ്രൂഷയെ പുച്ഛിച്ച് തള്ളുന്നതിനേക്കാൾ ഉപരി ലഹരിവിമുക്ത ശുശ്രൂഷയിൽ മത്സരബുദ്ധിയോടെ പങ്കെടുക്കുന്നതായിരിക്കും.

## സിമ്പിൾ തിയോളജി

പ്രശ്നങ്ങളുടെ നടുവിൽ നട്ടം തിരിയുന്ന മനുഷ്യൻ ആഗ്രഹിക്കുന്നത് കടിച്ചാൽ പൊട്ടാത്ത ദൈവശാസ്ത്രവും ഒന്നുമല്ല. തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമായി ദൈവത്തിന്റെ ഇമ്പമാർന്ന ലളിതമായ ശബ്ദമാണ്. അപ്രകാരമുള്ള പ്രഭാഷണങ്ങളും ശ്രുതിമധുരമായ ഗാനങ്ങളും മനുഷ്യ ഹൃദയങ്ങളെ പിടിച്ചെടുക്കുവാൻ ഏറെ സഹായകമാണ്.

## രോഗശാന്തി

രോഗിയായ മനുഷ്യൻ എപ്പോഴും ആഗ്രഹിക്കുന്നത് സൗഖ്യമാണ്. വൈദ്യന്മാർക്കും, ഔഷധങ്ങൾക്കും നൽകാൻ കഴിയാത്ത സൗഖ്യം ലഭിക്കുന്നു എന്നറിയുമ്പോൾ നിശ്ചയമായും സഭയുടെ വേലിക്കെട്ടുകൾ കടന്ന് സൗഖ്യം ലഭിച്ചില്ലെങ്കിലും





# അക്കരപ്പച്ചയിൽ ഇളകാതെ...?

—അനി സി. ശാമവേൽ, കുറമ്പാല

ബഹുമാനപ്പെട്ട എ. എം. വർഗീസ് അച്ചന്റെ 'കരിസ്മാറ്റിക്കിലെ കരിയും പുകയും' എന്ന ലേഖനം നവീകരണ സഭക്കാരുടെ കരിസ്മാറ്റിക് പ്രസ്ഥാനത്തെ കുറിച്ചായിരിക്കും എന്ന മുൻവിധിയോടെയാണ് വായിക്കാനെടുത്തത്. എന്നാൽ സമകാലീന സാഹചര്യങ്ങളുമായി താദാത്മ്യപ്പെട്ടുകൊണ്ട് ഉള്ള ഒരു ലേഖനമാണെന്ന് ആദ്യത്തെ ഖണ്ഡികയിലൂടെ തന്നെ മനസിലാക്കുന്നതിന് സാധിച്ചു. രണ്ടായിരം വർഷത്തെ പഴക്കമുള്ളതും പാരമ്പര്യമുള്ളതുമായി അവകാശപ്പെടുന്ന നമ്മുടെ സഭയിലെ ഒരു വിഭാഗം വൈദികരുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കരിസ്മാറ്റിക് യോഗങ്ങളെ കുറിച്ചും അതിന്റെ ദോഷഫലങ്ങളെ കുറിച്ചും സഭാജനങ്ങളെ മനസിലാക്കത്തക്ക രീതിയിലുള്ളതായിരുന്നു ലേഖനം.

## ഒഴുക്കിനെ തടയുക

നവീകരണ സഭകളിലേക്കും പെന്തിക്കോസ്ത് പ്രസ്ഥാനങ്ങളിലേക്കുമുള്ള സഭാജനങ്ങളുടെ ഒഴുക്കിനെ തടയുക എന്നതാണ് കരിസ്മാറ്റിക് പ്രസ്ഥാനങ്ങളുടെ ലക്ഷ്യമെന്ന് പറയുന്നു എങ്കിലും ചിലരുടെ സ്വാർത്ഥ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഒരു പുകമറയാണിത്. 'നാടോടുമ്പോൾ നടുവെ ഓടിയില്ലെങ്കിലും പുറകിലെങ്കിലും ഓടണമെന്നാണ്' ഇതിന്റെ സംഘാടകരുടെ പറച്ചിൽ. എന്നാൽ നമ്മുടെ സഭയുടെ പാരമ്പ

അവിടേക്ക് ചെല്ലും. പ്രത്യേകിച്ച് രോഗിയായ മനുഷ്യൻ അവനുവേണ്ടി പ്രാർത്ഥിക്കുവാൻ ഒരു സംഘം ഉണ്ട് എന്ന തോന്നൽ തന്നെ അവന് ആശ്വാസം നൽകും. അജപാലനശുശ്രൂഷനിറപടിയായി നിർവഹിക്കേണ്ട വൈദികർ ഇക്കാര്യത്തിൽ കൂടുതൽ താൽപര്യമെടുത്താൽ ഒരു പരിധിവരെയെങ്കിലും സഭാമക്കളെ പിടിച്ചുനിർത്തുവാൻ സാധിക്കും. സ്വയം വിമർശനത്തിൽ കൂടി പാളിച്ചകളും പരാജയങ്ങളും ദൂരീകരിച്ച് ആത്മീയ അനുഭവം സഭാമക്കൾക്ക് പകർന്നുകൊടുക്കുവാനുള്ള വേദികൾ നമ്മുടെ സഭയിൽ തന്നെ ഉണ്ടാകട്ടെ. ആരെയും പിൻപറ്റിയും അന്ധമായി അനുകരിച്ചും കൊണ്ടല്ല. സഭയിലുള്ള ആത്മീയ പ്രസ്ഥാനങ്ങളിൽ ഉള്ള പരിശുദ്ധാത്മാവിന്റെ വ്യാപാരം (കരിസ്മാ) മനസ്സിലാക്കുവാൻ സഭാമക്കൾക്ക് സാധിക്കട്ടെ.

ര്യവും ആചാരവും ബലികഴിച്ചുകൊണ്ടുള്ള ഒരു ഓട്ടം നമുക്കാവശ്യമില്ല. ഇതിനെതിരെ സഭാനേതൃത്വം ഉണരേണ്ടസമയം അതിക്രമിച്ചിരിക്കുന്നു. ഇന്ന് നമ്മുടെ സഭയിലെ കരിസ്മാറ്റിക് യോഗങ്ങളിൽ കാണപ്പെടുന്ന ഒന്നാണ് പ്രൊട്ടസ്റ്റന്റുകാരുടെ ആംഗ്യങ്ങളും ചലനങ്ങളും. പരിശുദ്ധാത്മാവിന്റെ ആവാസസമയത്ത് ഇളക്കങ്ങളോ, ചാട്ടങ്ങളോ, തുള്ളലുകളോ ഉള്ളതായി വി. വേദപുസ്തകത്തിൽ ഒരിടത്തും കാണുന്നില്ല. ആരാധനയിലും നവീകരണക്കാരുടെ ശബ്ദം അനുകരിക്കുന്നതിലൂടെ നവീകരണം നടത്താൻ ചിലർ ശ്രമിക്കുന്നു.

നമ്മുടെ ആരാധനയിൽ ഈണത്തിന് വളരെയേറെ സ്ഥാനമുണ്ട്. ഇത് മാറ്റിയാൽ സഭ ഉദ്ദേശിക്കുന്ന ആശയം ജനങ്ങളിൽ എത്തിക്കുവാൻ സാധിക്കുകയില്ല. 'ഈ നാഴികയിൽ നാമെല്ലാവരുടെയും ബോധങ്ങളും വിചാരങ്ങളും, ഹൃദയങ്ങളും മേലിൽ പിതാവാം ദൈവത്തിന്റെ വലത്തുഭാഗത്ത് മശിഹാതമ്പുരാൻ ഇരിക്കുന്ന മഹോന്നതങ്ങളിൽ ആയിരിക്കണം.' ഇത് പോട്ട റ്റ്യൂണിൽ പറഞ്ഞാൽ അത് മനുഷ്യന്റെ മനസിനെ പിടിച്ചുകുലുക്കുന്നതിന് സാധിക്കും.

*നമ്മുടെ സഭയുടെ ആചാരത്തിനും അനുഷ്ഠാനത്തിനും എതിരായി ഇവർ ചെയ്യുന്ന ഈ പ്രവൃത്തി ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് തുല്യമാണ്. നമ്മുടെ സഭയിൽ നടക്കുന്ന ഓരോ കരിസ്മാറ്റിക്ക് യോഗവും നമ്മുടെ സഭയുടെ തായ്‌വേരിൽ വെട്ടുന്ന വെട്ടായി കണക്കാക്കി അതിനെതിരെ പ്രതികരിക്കണം.*

നമ്മുടെ സഭയുടെ ആചാരത്തിനും അനുഷ്ഠാനത്തിനും എതിരായി ഇവർ ചെയ്യുന്ന ഈ പ്രവൃത്തി ഇരിക്കുന്നകൊമ്പ് മുറിക്കുന്നതിന് തുല്യമാണ്. നമ്മുടെ സഭയിൽ നടക്കുന്ന ഓരോ കരിസ്മാറ്റിക് യോഗവും നമ്മുടെ സഭയുടെ തായ്‌വേരിൽ വെട്ടുന്ന വെട്ടായി കണക്കാക്കി അതിനെതിരെ പ്രതികരിക്കണം.

## രോഗശാന്തി

കരിസ്മാറ്റിക് ധ്യാനത്തിലൂടെ ലഭിക്കുന്ന രോഗശാന്തി വെറും പൊള്ളയാണെന്ന് അനുഭവസ്ഥരുടെ വാക്കിലൂടെ മനസിലാക്കുന്നതിന് സാധിക്കും. നമ്മുടെ കർത്താവിനു ജന്മനാ കുരുടനായവനെ ഒരു വാക്കു പറയുന്നതിലൂടെ സൗഖ്യമാക്കാമായി





# കരിയും പുകയും ഹൃദയത്തിൽ

—കെ. സഖറിയാ, പന്തളം

മേയ് മാസത്തിലെ 'കരിയും പുകയും' എന്ന ലേഖനത്തിനു ഒരു പ്രതികരണം.

ലേഖകൻ ആമുഖമായി പറയുന്ന ഈ സഭയിലെ കരിസ്മാറ്റിക്കു് സംരംഭം സഭാംഗങ്ങളുടെ വിശുദ്ധിയിലേക്കുള്ള വികസനത്തിനോ സഭയുടെ നവോത്ഥാനത്തിനോ ഒട്ടും തന്നെ സഹായമല്ല.

എ. ഡി. 50-ൽ തോമ്മാ ശ്ലീഹാ കേരളത്തിൽ വന്നു. 1950 വർഷം കൊണ്ട് നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ സഭാംഗങ്ങൾക്ക് എന്തു വിശുദ്ധി നേടികൊടുത്തു ? സഭാംഗങ്ങൾ കേസിൽ ജനിച്ചു, കേസിൽ വളർന്നു. കേസിൽ മൃതിയടയുന്നു.

പഴകി ദ്രവിച്ച ആചാരാനുഷ്ഠാനങ്ങൾ യാന്ത്രികമായി സഭാംഗ

രുന്നു. എന്നാൽ താൻ ചേറുണ്ടാക്കി കണ്ണിൽ തേച്ച് ശീലോഹാംകുളത്തിൽ കഴുകുവാൻ പറഞ്ഞത് രോഗിക്ക് മരുന്ന് ആവശ്യമുണ്ട് എന്നതിനു് തെളിവാണ്. രോഗിക്കു് നൽകുന്ന മരുന്നിലൂടെ ദൈവം പ്രവർത്തിച്ച് അവനു് സൗഖ്യം നൽകും.

ഒരിക്കലും അത്ഭുതങ്ങളും അടയാളങ്ങളും കണ്ട് വിശ്വസിക്കാതെ അവനോടുള്ള സംസർഗ്ഗത്തിലൂടെ, അവനോടുകൂടെ വസിക്കുന്നതിലൂടെ ദൈവത്തെ അറിയാൻ സാധിക്കും. വി. യോഹന്നാൻ എഴുതിയ സുവിശേഷം ഒന്നാം അധ്യായം 35 മുതൽ 42 വരെയുള്ള വാക്യങ്ങളിൽ ഇതിനുദാഹരണമായി അന്ത്രയോസിനെ കാണാൻ സാധിക്കും. അവിടെ അന്ത്രയോസ് യേശുവിനെ സാക്ഷിക്കുന്നത് അത്ഭുതത്തിലൂടെയോ അടയാളത്തിലൂടെയോ ഉള്ള വിശ്വാസത്തിന്റെ ബലത്തിലല്ല. പിന്നെയോ യേശുവിന്റെ കൂടെ പാർത്ത അനുഭവത്തിലൂടെയാണ്. അത്തരത്തിൽ യേശുവിനെ സാക്ഷിക്കുന്നതിനു് നമുക്കും സാധിക്കണം. അക്കരെപച്ചയിൽ ഇളകാതെ സഭാ വിശ്വാസത്തിലും പാരമ്പര്യത്തിലും ഉറച്ചുനിന്ന് പ്രവർത്തിക്കുന്നതിനു് എല്ലാവരും ശ്രദ്ധിക്കണം. അല്ലെങ്കിൽ അപകടം സുനിശ്ചിതമാണ്.

ങ്ങളെ കൊണ്ടു ചെയ്യിക്കുകയും അതിൽ എന്തെങ്കിലും സംശയം ചോദിച്ചാൽ ശപിച്ചുകളയുമെന്നു ഭയപ്പെടുത്തിയും പ്രയോജനമില്ലാത്ത പന്ഥാവിലൂടെ നടത്തിക്കുകയും അല്ലേ ചെയ്യുന്നത് ?

അന്ത്യകാലത്തു (അപ്പോ. 2:17) ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും എന്നു കർത്താവു പറയുമ്പോൾ എ. എം. വർഗീസ് അച്ചനെ പോലുള്ളവർ പറയും കർത്താവേ ആർക്കും നേരിട്ടു കൊടുക്കരുതേ അതു ഞങ്ങളിൽകൂടി കൊടുത്താൽ മതി അല്ലെങ്കിൽ ഞങ്ങളുടെ സ്ഥാനം പോകും. കരിസ്മാററിക്കിനെ എതിർക്കുന്നവരുടെ ചിന്ത ഇതാണ്.

## ക്രിസ്തീയ സഭയിൽ

ക്രിസ്തീയ സഭയിൽ പരിശുദ്ധാത്മാഭിഷേകത്തിനും, പ്രവചനവരത്തിനും, ഭാഷാ വരത്തിനും ദാഹിക്കുന്നവരുടെ ഒരു പ്രസ്ഥാനമാണ് കരിസ്മാററിക്ക്. ഇടവകകളിലെ ഒരു അധ്യാത്മിക സംഘടനയിലും ഇതു ലഭിക്കുകയില്ല.

കരിസ്മാററിക്ക് ആദ്യം തുടങ്ങിയതു പോട്ടയിലല്ല. 1965 ൽ അമേരിക്കയിലെ പിററ്സ് ബർഗിലുള്ള സർവ്വകലാശാലയിലെ കുറെ ചെറുപ്പക്കാർ പരിശുദ്ധാത്മാഭിഷേകത്തിനുവേണ്ടി ഒന്നിച്ചിരുന്നു പ്രാർത്ഥിച്ച് ആരംഭം ഇട്ടതാണ് ഈ പ്രസ്ഥാനം. അന്ന് മദ്ധ്യസ്ഥപ്രാർത്ഥനാ വേളയിൽ അവർക്ക് അനേക പരിശുദ്ധാത്മ നൽവരങ്ങൾ ലഭിച്ചു. ഈ പ്രസ്ഥാനം ശക്തി പ്രാപിച്ചപ്പോൾ കത്തോലിക്കാ പള്ളികളിൽ ഭക്തജനം കൂടിവന്നു. ഒരു പുതിയ ആത്മീയ ചൈതന്യം ഉണ്ടായി.

ആദിമ സഭകളിൽ പരിശുദ്ധാത്മാഭിഷേകം ധാരാളമായി ഉണ്ടായിരുന്നു. കുസ്ത്തിനോസ് ചക്രവർത്തി സഭകൾക്ക് സ്വാതന്ത്ര്യം കൊടുത്തതോടുകൂടി സഭാധികാരികൾ ലൗകികരും രാഷ്ട്രീയ ചിന്താഗതിക്കാരുമായി സഭയിൽ വിശുദ്ധിയും, വിശുദ്ധരുടെ എണ്ണവും കുറഞ്ഞു. അന്ന് തിരുവചന ധ്യാനം അസാദ്ധ്യമായിരുന്ന ഒരു കാലവും ആയിരുന്നു. അങ്ങനെ വന്നപ്പോൾ തിരുവചന ധ്യാനത്തെക്കാൾ ഓരോ യാമത്തിലേക്കും എഴുതി നിശ്ചയിച്ച പ്രാർത്ഥനകൾ ചൊല്ലണമെന്നും, ചൊല്ലിതീർക്കണമെന്നും അധികാരികൾ നിശ്ചയിച്ചു. ദൈവഭക്തിയെക്കാൾ സഭാ ഭക്തിക്കു സ്ഥാനംകൊടുത്തു. അപ്പോസ്തലന്മാർക്കു ലഭിക്കാതിരുന്ന ആദരവ് അവർക്കു ലഭിച്ചു. ഇതിനെ എതിർത്താൽ ശാപം ഉണ്ടാകുമെന്നു ഭയപ്പെടുത്തി. അങ്ങനെ പ്രാർത്ഥന യാന്ത്രികമായി, കൂദാശകൾ എന്ന ഒരു വക നിർബന്ധിത കാര്യങ്ങളും അടിച്ചേൽപ്പിച്ചു. ഇതെല്ലാമാണ് സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴിയെന്നും പഠി





പ്പിച്ചു, വിശ്വസിപ്പിച്ചു. ഇങ്ങനെ നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിൽ ദൈവാത്മാവിന്റെ പ്രവർത്തനം മൂലമുണ്ടായതാണ് കരിസ്മാററിക്ക് പ്രസ്ഥാനം.

## പരിശുദ്ധാത്മാവ്

ബ. എ. എം. വർഗീസ് അച്ചൻ പറയുന്ന കരിസ്മാററിക്കുകാരുടെ പാട്ടുകേട്ടാൽ പരിശുദ്ധാത്മാവ് പെട്ടെന്ന് പന്തലിൽ പറന്നിറങ്ങിയല്ലോയെന്ന്. അപ്പോൾ പരിശുദ്ധാത്മാവ് പറക്കുന്നതാണോ ? യേശുവിന്റെ സ്നാനസമയത്തു മാത്രം പരിശുദ്ധാത്മാവ് പ്രാവെന്നപോലെ ഇറങ്ങി എന്നുകാണുന്നു. ശിഷ്യന്മാരുടെമേൽ തീനാളം പോലെവന്നു. പരിശുദ്ധാത്മാവ് ഏതു രൂപത്തിലും എവിടെയും വരും. കരിസ്മാററിക് പന്തലിൽ പല അത്ഭുതങ്ങളും അടയാളങ്ങളും നടക്കുന്നുണ്ട്.

കരിസ്മാററിക് പ്രസ്ഥാനത്തെ കുററം പറയുന്നവരോടു പറയാനുള്ളതു (റോ. 14:14) വല്ലതും മലിനം എന്നുകരുതുന്നവനു മാത്രം മലിനമാകുന്നു. വിശുദ്ധിയുള്ളവനു എല്ലാം ശുദ്ധം. അതുകൊണ്ട് ഇതു ശുദ്ധിക്കുക. (യെശയ്യ 5:20) തിന്മയ്ക്കു നന്മയെന്നും നന്മയ്ക്കു തിന്മഎന്നും പേർ പറയുന്നവർക്കു അയ്യോ കഷ്ടം എതിർക്കുന്നവരോടു പറയാനുള്ളതു (2 കൊരി. 3:6) എല്ലാവരും ആത്മാവിന്റെ ശുശ്രൂഷകരല്ല അക്ഷരത്തിന്റെ (അതായതു ആചാരാനുഷ്ഠാനത്തിന്റെ) ശുശ്രൂഷകരത്രെ. കാരണം യഥാർത്ഥ അപ്പോസ്തലന്റെ ലക്ഷണം (2 കൊരി 12:12) പൂർണ്ണസഹിഷ്ണതയിലും, അടയാളങ്ങളാലും അത്ഭുതങ്ങളാലും, വീര്യപ്രവർത്തികളാലും നിങ്ങളുടെ ഇടയിൽ വെളിപ്പെടുന്നു. അടയാളങ്ങളും അത്ഭുതങ്ങളും കരിസ്മാററിക് പ്രസ്ഥാനത്തിൽ നടക്കുന്നു. കാരണം അതുനയിക്കുന്നവർക്കും അതിൽ സംബന്ധിക്കുന്നവർക്കും യേശുവിൽ വിശ്വാസം ഉണ്ട്. (യോഹ. 14:12) യേശു പറയുന്ന ഞാൻചെയ്യുന്ന പ്രവർത്തി എന്നിൽ വിശ്വസിക്കുന്നവനും ചെയ്യും. ഞാൻ പിതാവിന്റെ അടുക്കൽ പോകുന്നതുകൊണ്ട് അതിൽ വലിയതും ചെയ്യും കൂടാതെ (യാക്കോ. 5:15) വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും.

**കരിസ്മാററിക്ക് പ്രസ്ഥാനത്തിലേക്ക് ഇത്ര അധികം ആളുകൾ കടന്നുവരുന്നതിനു കാരണം (ആമോ. 8:11) അപ്പത്തിനായുള്ള വിശപ്പല്ല (ആചാരാനുഷ്ഠാനങ്ങൾക്കായുള്ള വിശപ്പല്ല) വെള്ളത്തിനായുള്ള ദാഹവുമല്ല (കൂദാശകൾക്കായുള്ള ദാഹവുമല്ല) യഹോവയുടെ വചനങ്ങളെ കേൾക്കേണ്ടതിനുള്ള വിശപ്പുതന്നെ.**

# "കരിയും പുകയും മാത്രം"

—ഫാ. പി. കെ. കോശി, പിരളശ്ശേരി

'കരിസ്മാറ്റിക്കിലെ കരിയും
പുകയും' എന്ന ബ.എ.എം. വറുഗീ
സച്ചന്റെ ലേഖനം സഭാനേതൃത്വത്തി
ന്റെ കണ്ണ് തുറപ്പിച്ചു എങ്കിൽ എന്നാ
ശിക്കുന്നു. സ്തുതി ചൊവ്വാക്കപ്പെട്ട
സത്യവിശ്വാസ സഭയുടെ – ഓർത്ത
ഡോക്സ് സഭയുടെ - സത്യവിശ്വാ
സങ്ങൾ ബലികഴിക്കത്തക്ക രീതി
യിൽ പ്രവർത്തിക്കുന്ന വൈദിക നേ
താക്കന്മാരെയും കരിയും പുകയും നി
റഞ്ഞ കരിസ്മാറ്റിക് അനുകൂലിക
ളെയും സംബന്ധിച്ച പ്രസ്തുതലേ
ഖനം വളരെയധികം സത്യങ്ങൾ ഉൾ
ക്കൊള്ളുന്നു എന്നതിൽ സംശയമില്ല.

സ്തുതി ചൊവ്വാക്കപ്പെട്ട ഓർ
ത്തഡോക്സ് വിശ്വാസം 'യാഥാ

കരിസ്മാറ്റിക് പ്രസ്ഥാന
ത്തിലേക്ക് ഇത്ര അധികം ആളുകൾ
കടന്നുവരുന്നതിനു കാരണം (ആമോ.
8:11) അപ്പത്തിനായുള്ള വിശപ്പല്ല
(ആചാരാനുഷ്ഠാനങ്ങൾക്കായുള്ള
വിശപ്പല്ല) വെള്ളത്തിനായുള്ള ദാഹ
വുമല്ല, (കൂദാശകൾക്കായുള്ള ദാഹവു
മല്ല) യഹോവയുടെ വചനങ്ങളെ
കേൾക്കേണ്ടതിനുള്ള വിശപ്പുതന്നെ
ഞാൻ ദേശത്തേക്കു് അയയ്ക്കുന്ന നാൾ
വരുന്നു—വന്നിരിക്കുന്നു ! ! ! അതുകൊ
ണ്ട് ഈ പ്രസ്ഥാനത്തെ തുഛീകരി
ക്കുന്നവരോട് (1തെസ്സ. 4:8) തുഛീക
രിക്കുന്നവൻ മനുഷ്യനെ അല്ല, തന്റെ
പരിശുദ്ധാത്മാവിനെ തങ്ങൾക്കു
തരുന്ന ദൈവത്തെ തന്നെ തുഛീകരി
ക്കുന്നു.

പരിശുദ്ധാത്മാഭിഷേകം ലഭി
ക്കാത്തവർക്ക് ഇതെല്ലാം ഭോഷത്ത
മായിതോന്നും. പലരും ദൈവാത്
മാവ് ഉണ്ടെന്നു നടിക്കുന്നു. അവ
രുടെ (1തിമൊ.6:5) ദൈവഭക്തി
ആദായ സൂത്രമാണ് (ഫിലി. 3:19)
അവരുടെ ദൈവം വയറ്. പരിശു
ദ്ധാത്മാവ് ഉള്ളതുപോലെ ആത്മീ
യ പിശാചും ഉണ്ട്. അതുകൊണ്ട്
ദൈവത്തെ വിളിച്ചപേക്ഷിക്കുക.
ഉച്ചത്തിൽ അവനു സ്തോത്രം പാടുക
കാരണം (റോമ. 13:11) നാം വിശ്വ
സിച്ച സമയത്തേക്കാൾ രക്ഷഇപ്പോൾ
നമുക്ക് അധികം അടുത്തിരിക്കുന്നു
(1കൊരി. 10:12) താൻ നിൽക്കുന്നു
എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ
നോക്കികൊള്ളട്ടെ അതുമല്ല (1കൊ.
15:34) ചിലർക്ക് ദൈവത്തെക്കുറി
ച്ച് പരിജ്ഞാനം ഇല്ല. ആചാരാ
നുഷ്ഠാനവും, കൂദാശയും, കല്ലറകളിൽ
ധൂപംവെയ്പുമാണ് അവരുടെ
ദൈവം.

അതുകൊണ്ട് കരിസ്മാറ്റിക്കി
ലെ കരിയും പുകയും തുത്തുകളയാൻ
ശ്രമിക്കുന്നതിനു മുൻപ് തങ്ങളുടെ
ഹൃദയത്തിലെ കരിയും പുകയും ആ
ദ്യം തുത്തുകളയുക.

⁂





സ്ഥിതികം എന്ന് ഇക്കൂട്ടർവിശ്വസി
ക്കുന്നു എങ്കിൽ അവർക്കു് തെറ്റുപ
റ്റി, എന്നു് ലേഖനം ഉദാഹരിക്കുന്നു,
പോട്ട ടീം, പെന്തക്കോസ്തു സെ
ക്റ്റേറിയൻ ടീം പോലെ ഓർത്ത
ഡോക്സ് സഭയിലും ടീമുകൾ ഉണ്ടാ
ക്കാൻ സഭാമേലദ്ധ്യക്ഷൻമാർ വരെ
താല്പര്യം കാണിക്കുമ്പോൾ അതി
ന്റെ ലക്ഷ്യം സഭവളരുക എന്നതിൽ
അപ്പുറമായി പുതിയനേതാക്കൾ ഉണ്ടാ
വുക എന്നതായിമാറുന്നു ഹാ—പവിത്ര
മായ ഓർത്തഡോക്സ് സഭേ നിന്റെ
മഹനിയ സ്ഥാനം നേതാക്കൾ കവച്ച്
ചെയ്യുന്നു. നിൽക്കരുതാത്തിടത്ത്

2 സ്തുതിചൊവ്വാക്കപ്പെട്ട ഓർത്ത
ഡോക്സ് സഭാവിശ്വാസം കളങ്ക
രഹിതമാണ്. 20 ാം നൂറ്റാണ്ടുവരെ
യും കളങ്കരഹിതയായി തന്നെ സഭ
നിലനിന്നു. കാലാകാലങ്ങളിൽ പല
നവീകരണ ആശയങ്ങൾ ഉടലെടുത്തു,
ഓർത്തഡോക്സ് സഭയിൽ നിന്നും
ഉടലെടുത്ത ഇത്തരം പ്രസ്ഥാനങ്ങളി
ലേക്കു് ആളുകൾ പോകാതിരിക്കാൻ
എന്ന ''ലേബലിൽ'' ഇപ്പോൾ ഉണ്ടാ
ക്കുന്നപ്രസ്ഥാനങ്ങളും പുതിയ സഭ
കളായി രൂപാന്തരപ്പെടുന്ന കാലം
വിദൂരമല്ല,

> പോട്ട ടീം, പെന്തക്കോസ്തു സെക്റ്റേറിയൻ ടീം
> പോലെ ഓർത്തഡോക്സ് സഭയിലും ടീമുകൾ ഉണ്ടാക്കാൻ
> സഭാമേലദ്ധ്യക്ഷൻമാർ വരെ താല്പര്യം കാണിയ്ക്കു
> മ്പോൾ അതിന്റെ ലക്ഷ്യം സഭവളരുക എന്നതിൽ അപ്പു
> റമായി പുതിയ നേതാക്കൾ ഉണ്ടാവുക എന്നതായിമാറുന്നു.

മ്ലേച്ഛത കാണുമ്പോൾ എന്തുകൊ
ണ്ട് സഭാനേതൃത്വത്തിനു് ഇതിനെ പു
റത്താക്കാൻ കഴിയുന്നില്ല.

സഭയാകുന്ന ടീമിനുപകരം വ്യ
ക്തി കേന്ദ്രീകൃതമായ പുതിയ ടീമു
കൾ ഇന്ന് ഉടലെടുക്കുന്നു. ഇതു മൂലം
പുതിയ സഭകൾ ഉണ്ടാക്കാൻ വിത്തു
പാകുന്നു. സംശയമില്ല, ഓർത്തഡോ
ക്സ് സഭയുടെ തന്നെ 'ഭരണനേതൃ
ത്വത്തിലുള്ള വൈദീകർ' ഇതിനു് മുൻ
പന്തിയിൽ നില്ക്കുന്നതിനാൽ സഭാ
മേലദ്ധ്യക്ഷ നേതൃത്വം ഇതിനെതി
രെ കണ്ണടയ്ക്കുന്നു. പക്ഷേ ഇതും സ
ഭയുടെ നാശത്തിനു കാരണമാകുന്നു.

3 മനുഷ്യന്റെ ജീവിതനിലവാരം
വർദ്ധിച്ചതനുസരിച്ച് അവനു് ഇള
ക്കം നിറഞ്ഞ കാര്യങ്ങൾ ആവശ്യമാ
യിമാറിയിരിക്കുന്നു. ദശാബ്ദങ്ങൾ
ക്കു മുൻപുവരെയും സുറിയാനിഭാഷ
യിൽ ആരാധന നടത്തുമ്പോൾ ഭ
ക്തിയോടെ പ്രതിവാക്യം ആലപി
ക്കുന്ന സഭാമക്കൾക്കു ഉണ്ടായിരുന്ന ആ
ത്മീകത ഇന്നു് ഇല്ല എന്നത് സത്യം
ആത്മീകത വർദ്ധിപ്പിയ്ക്കൽ എന്ന
വ്യാജേന രൂപപ്പെടുന്ന പുതിയ
പ്രസ്ഥാനങ്ങൾ യഥാർത്ഥ ആത്മീക
തയോ അനുഭവമോ നല്കുന്നില്ല.
മറിച്ച് അനുഭൂതിയും ഇളക്കവും പ്ര
ദാനംചെയ്യുന്നു.

4 'ഞാൻ തന്നെ ബുദ്ധികൊണ്ട് ദൈവത്തിന്റെ പ്രമാണങ്ങളേയും ജഡം കൊണ്ട് പാപത്തിന്റെ പ്രമാണത്തേയും സേവിക്കുന്നു' (റോമ. 7:25.) ഇന്ന് ബുദ്ധിപരമായും വേദശാസ്ത്രപരമായും ദൈവത്തെ വിഭജിയ്ക്കുന്നു. ശരിയായ വിശ്വാസത്താൽ അനുഭവിച്ചറിയാൻ കഴിയുന്നില്ല. പണ്ട് വൈദ്യശാസ്ത്രത്തിലെ ഒരു ഡോക്ടർ ഉണ്ടായിരുന്നു എങ്കിൽ ഒരു രോഗിയെ ചികിത്സിക്കാമായിരുന്നു. ഇന്ന് ഓരോ വിഭാഗത്തിലും സ്പെഷ്യലിസ്റ്റ് ഉള്ളതിനാൽ അനേക ഡോക്ടർമാർ വേണം ചികിൽസിക്കുവാൻ. ഈ സ്ഥിതിയിൽ ഇന്ന് ദൈവത്തെ ആക്കിയിരിക്കുന്നു. ഒരുത്തർക്കും ശരിയായി ദൈവത്തെ കാണാൻ കഴിയാത്ത സ്ഥിതി.

5 ഓർത്തഡോക്സ് വിശ്വാസം ശാന്തവും ധ്യാനാത്മകവും ആണ്. വി. മത്തായി. 6:6–7 'നീ പ്രാർത്ഥിക്കുമ്പോൾ അറയിൽ കടന്ന് രഹസ്യത്തിൽ കാണുന്ന പിതാവിനോട് പ്രാർത്ഥിയ്ക്കു. രഹസ്യത്തിൽ കാണുന്ന പിതാവ് പ്രതിഫലം തരും. പ്രാർത്ഥിയ്ക്കയിൽ ജാതികളെപോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടുമെന്ന് അവർക്കു തോന്നും.' 'മിണ്ടാതിരുന്ന് ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾക' എന്നും അരുൾചെയ്ത ദൈവ വചനത്തിനു പകരം തുള്ളലും, കോലാഹലവും, നൃത്തവും ആക്കി കലക്കുന്ന അനുഭവം സഭയ്ക്ക് ചേർന്നതല്ല. ഇന്ന് ഒരു നിമിഷം പോലും ആർക്കും ശാന്തമായിരിക്കാൻ പററാത്ത സ്ഥിതിയിലേയ്ക്ക് ആധുനീക ജീവിത നിലവാരം വർദ്ധിച്ചതിനോട് ചേർന്ന് സഭയും ജനവും ആയിതീർന്നിരിയ്ക്കുന്നു.

6 പണ്ട് മരണ വീടുകളിൽ 'സമയമാം രഥവും, ദു:ഖത്തിന്റെ പാനപാത്രവും' പാടുന്നത് കേട്ടാൽ എത്ര അനുതാപം ഉണ്ടായിരുന്നു. ഇന്ന് ആ സ്ഥാനം 'അക്കരെയ്ക്കു യാത്രചെയ്യും' എന്നായിരിക്കുന്നു. ഇന്ന് മരണ വീട്ടിൽ ദുഃഖമില്ല കാരണം 'വീഡിയോ' ഉണ്ട്. അപ്പോൾ ഇളക്കം നിറഞ്ഞഡിസ്കോ ട്യൂണും, പുതിയ ശാസ്ത്രീയരീതികളിലും ആണല്ലോ മരണ വീട്ടിലെ പാട്ടുകൾ വേണ്ടത്.

7 'അതിവേഗത്തിൽ നീ ഒന്നും പറയരുത്, ദൈവസന്നിധിയിൽ ഒരു വാക്കുച്ചരിപ്പാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്, ദൈവം സ്വർഗത്തിലും നീ ഭൂമിയിലും അല്ലോ, ആകയാൽ നിന്റെ വാക്ക് ചുരുക്കമായിരിക്കട്ടെ' (സഭാപ്രസംഗി 5:2.) ഇതാണ് ഓർത്തഡോക്സിയുടെ പ്രത്യേകത. ഇന്ന് എല്ലാവരും സ്വർഗത്തിലാണ്. ഭൂമിയിൽ ആരും ഇല്ല. നോക്കണേ കരിസ്മാററിക്കിന്റെ ശക്തി.

8 വി. കുർബാനയിൽ പരിശുദ്ധ റൂഹായുടെ ആഹ്വാന പ്രാർത്ഥനയിൽ (എപിക്ലീസിസ്) 'എന്റെ വാൽസല്യമുള്ളവരെ ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗമാകുന്ന മഹോന്നതത്തിൽ നിന്നിറങ്ങി.........' എന്ന പ്രാർത്ഥന ആഹ്വാനം ചെയ്യുമ്പോൾ പുരോഹിതൻ മാത്രം കൈ ആവസിപ്പിക്കുന്നു. എന്നാൽ വി. കുർബാനയിൽ സംബന്ധിക്കുന്ന വിശ്വാസികളിലും, അപ്പവീഞ്ഞുകളിലും പരിശുദ്ധാത്മാവാസം ഉണ്ടാകുന്നു. അവിടെ ജനം തുള്ളുകയും, ചാടുകയും ഒന്നും ചെയ്യുന്നില്ല. കാരണം വി. അപ്രേം പിതാവ് പറഞ്ഞിരിക്കുന്ന പോലെ 'വി. കുർബ്ബാനയിൽ സംബന്ധിക്കുകയും അനുഭവിക്കുകയും ചെയ്യുന്നവർ അഗ്നിയെയും പരിശുദ്ധ റൂഹായെയും രുചിക്കുന്നു'.

ഒററവാക്കിൽ, ഓർത്തഡോക്സ് സഭയുടെ ആരാധനയും പ്രാർത്ഥനയും, നോമ്പും ഉപവാസവും കുമ്പിടീലും, ദണ്ഡനമസ്കാരവും ശരിയായി നിർവഹിക്കുന്ന വ്യക്തിക്കു കരിസ്മാററിക്കിലെ കരിയും പുകയും ഏൽക്കുകയില്ല.

കുടത്തിൽ അടച്ചിരുന്ന ഭൂതത്തെ പുറത്താക്കിയ അവസ്ഥ ഇന്ന് കരിസ്മാററിക് പ്രസ്ഥാനത്തോട് അനുകൂലികളായ ടീമുകളും നമ്മുടെ ചില വൈദിക നേതൃത്വവും നടത്തുന്നു. ഭൂതം പുറത്താക്കപ്പെട്ടപ്പോൾ ഉണ്ടായ കരിയും പുകയും കൂടുതൽ വ്യാപിയ്ക്കും മുൻപ് വീണ്ടും കുടത്തിലടയ്ക്കുവാൻ ഓർത്തഡോക്സ് സഭാനേതൃത്വം ശാന്തമായും, പ്രാർത്ഥനയോടും ചിന്തിക്കണം.

※

## ※ വാർത്തകൾ ※

### ഒന്നാം സ്ഥാനം നേടി

ചെങ്ങന്നൂർ: ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 60 ാം വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ ചെങ്ങന്നൂർ ഭദ്രാസനം അഖില മലങ്കരാടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം നേടി. വർഗീസ് ജോൺ, ജോൺ പി. ഉമ്മൻ, ബ്ലസി തോമസ് എന്നിവരാണ് ഭദ്രാസനത്തെ പ്രതിനിധീകരിച്ചത്. ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മന്റെ നേതൃത്വത്തിൽ നമ്മുടെ യൂണിററുകളിൽ നിന്നും 38 അംഗങ്ങൾ ക്യാമ്പിൽ സംബന്ധിച്ചു.

### സംയുക്ത സമ്മേളനം

മുളക്കുഴ: സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ആദ്ധ്യാത്മീക സംഘടനകളുടെ സംയുക്ത സമ്മേളനം നടത്തി. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. 'ക്രിസ്തീയ കൂട്ടായ്മയുടെ പ്രസക്തി' എന്ന വിഷയത്തെക്കുറിച്ച് ഫാ. ഐപ്പ് പി. സാം ക്ലാസെടുത്തു.

### കോൺഫ്രൻസ്

കണ്ണംമൂല: കേരള തീയോളജിക്കൽ സ്ററുഡൻറസ് കോൺഫ്രൻസ് കണ്ണംമൂല കെ. യു. ററി. സെമിനാരിയിൽ നടത്തി. റവ. ഡോ. ജെ. ഡബ്ളൂ. ഗ്ളാസ്റ്റൺ, ഫാ. ഏബ്രഹാം കാർമ്മേൽ ഡോ. ജോർജ് മാത്യു, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, റവ. സണ്ണി ജോർജ്, ബ്രദർ തോമസ് മാത്യു, കോരുത്തു ചെറിയാൻ, ബ്രദർ തോമസ് വറുഗീസ്, സജി വറുഗീസ് എന്നിവർ നേതൃത്വം നൽകി.

## സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു

ചെങ്ങന്നൂർ: യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഭദ്രാസനത്തിൽനിന്നും നിർദ്ധനരും സമർത്ഥരുമായ 10 വിദ്യാർത്ഥികൾക്ക് 1000 രൂപവീതം പഠനസഹായം നൽകുന്നതാണ്. 8–ാം ക്ലാസ്സുമുതൽ മുകളിലേക്കു പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾ ഇടവകവികാരിയുടെയും ഭദ്രാസന സെക്രട്ടറിയുടെയും സാക്ഷ്യപത്രം സഹിതം ജൂൺ 30 നു മുമ്പായി അപേക്ഷിക്കണം. അപേക്ഷകൾ പ്രസ്ഥാനം കേന്ദ്രഓഫീസിലേക്ക് അയച്ചുകൊടുക്കണം. കൂടുതൽ വിവരങ്ങൾ ലഭിക്കുവാൻ ഭദ്രാസനസെക്രട്ടറി ജേക്കബ് ഉമ്മനുമായി ബന്ധപ്പെടണം.

## ക്വയർ ഉൽഘാടനം ചെയ്തു

ചെങ്ങന്നൂർ: പേരിശ്ശേരി കിഴക്ക്, മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് സിറിയൻ ക്രിസ്ത്യൻ ക്വയറിന്റെ ഉൽഘാടനം ക്വയർ മാസ്റ്റർ ബിനു തോമസ് വർഗീസിന് (പുത്തൻകാവ്) ഒരു തുക വികാരി ഫാ. ഗീവർഗീസ് കിഴക്കേതലയ്ക്കൽ നൽകികൊണ്ടും, അസിസ്റ്റന്റ് ക്വയർ ലീഡർ മിസസ് ഷീലാ എം. മാത്യ, പരി. പരുമല തിരുമേനിയുടെ തിരുശേഷിപ്പു സൂക്ഷിച്ചിരിക്കുന്ന പള്ളിയിലെ പ്രാർത്ഥനാ മന്ദിരത്തിൽനിന്നും കൊണ്ടുവന്ന നിലവിളക്ക് ഫാ. കുര്യൻ തോമസ് (കരിപ്പാൽ) കത്തിച്ചുകൊണ്ടും നിർവ്വഹിച്ചു.

ക്വയർ ലീഡർ ഷാജൻ മാത്യു സൺഡേസ്കൂൾ ഇൻസ്പെക്ടർ ടി. തോമസ്, ഷീലാ എം. മാത്യു, സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ റ്റി. സി. ജോർജ്ജ്, മേരി തോമസ് എന്നിവർ പ്രസംഗിച്ചു.

## ചെങ്ങന്നൂർ ഭദ്രാസന പാരീഷ്മിഷൻ

ചെങ്ങന്നൂർ ഭദ്രാസന പാരിഷ് മിഷൻ ആറാട്ടുപുഴ, തോനയ്ക്കാട് എന്നീ പള്ളികളിൽ നടത്തപ്പെട്ടു. ഇടവക മെത്രാപ്പോലിത്താ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ, ഫാ. കെ. ജി. ചെറിയാൻ, ഫാ. ഗീവർഗീസ് ജോൺ, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ഡി. തോമസ് പി. നൈനാൻ, കോരുത് പി. ചെറിയാൻ, ജിബു ഫിലിപ്പ്, മാത്യൂസ് കെ. ബർസൗമ്മാ, സജി വറുഗീസ്, റ്റിജു വി. ഐപ്പ്, ജിജു വറുഗീസ്, വി. ഐ. വിൽസൺ എന്നിവർ നേതൃത്വം നൽകി.

## ഭാരവാഹികൾ

മെഴുവേലി ഹോളിഇന്നസെന്റ് ഓർത്തഡോക്സ് ഇടവക പൊതുയോഗം പി. സി. ചാക്കോ, പി. സി. ജോൺ എന്നിവരെ ട്രസ്റ്റിമാരായി തിരഞ്ഞെടുത്തു.

മെഴുവേലി : ഹോളി ഇന്നസെന്റ് യൂത്തുലീഗ് വികാരി എം. ജി. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽകൂടി. പി. പി. മാത്യു വൈസ് പ്രസിഡന്റായും പ്രിൻസ് മേപ്രത്തേരിൽ, ഷൈബി ജോർജ് ഇവരെ യഥാക്രമം സെക്രട്ടറി, ട്രഷറാർ ആയിട്ടും തിരഞ്ഞെടുത്തു.





സൺഡേസ്കൂൾ ദക്ഷിണമേഖല സഹപാഠ്യ മത്സരത്തിൽ വേദവാക്യത്തിനു ഒന്നാം സ്ഥാനവും പൊതുവിജ്ഞാനത്തിനു രണ്ടാം സ്ഥാനവും 10-ാം ക്ലാസ് മത്സര പരീക്ഷയിൽ ചെങ്ങന്നൂർ ഭദ്രാസനത്തിൽ ഒന്നാം സ്ഥാനവും നേടിയ ഷൈനി എ. ജോൺ. കരമ്പാല കളത്തിന്റെ തെക്കേതിൽ വി. ജോണിന്റെയും സാറാമ്മ ജോണിന്റെയും മകളാണ്. കടശ്ശനാട് വലിയവീട്ടിൽ കുടുംബാംഗമാണ്.

## ഭദ്രാസന ധ്യാനം

ചെങ്ങന്നൂർ ഭദ്രാസന ആഭ്യന്തര സുവിശേഷ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ഉപവാസധ്യാനം കാളികുന്ന് മാർ ഗ്രീഗോറിയോസ് പള്ളിയിൽവച്ച് 22ന് ശനിയാഴ്ച നടത്തുന്നതാണ്. ഡീക്കൺ ജോസഫ് കെ. മാത്യു ധ്യാനപ്രസംഗം നടത്തും.

*മിനിക്കഥ*

## പ്രശ്നം

*റെജി ജേക്കബ് ഇടനാട്*

മർക്കോസു ചേട്ടന് വളരെയധികം വിഷമം തോന്നി ആകെ ഉള്ള ഒരു മകൾ, സുന്ദരി, പഠിത്തക്കാരി, അവിവാഹിത. ഗൾഫിലായിരുന്നതുകൊണ്ട് ചോദിക്കുന്ന സ്ത്രീധനം കൊടുക്കാനുണ്ട്. എന്നിട്ടും അവളുടെ വിവാഹം ഇതുവരെ നടന്നില്ല ഇന്ന് അവളെ കാണാൻ വരുന്നത് പത്താമത്തെ ചെറുക്കൻ കൂട്ടരാണ്. എം. എസിക്ക് പഠിച്ചു കൊണ്ടിരുന്നപ്പോഴാണ് കല്യാണാലോചന തുടങ്ങിയത് ആദ്യത്തെ കൂട്ടർ വന്നപ്പോൾ പറഞ്ഞു എം.എസി വരെ മാത്രമെ ഉള്ളോ കംമ്പ്യൂട്ടർ–ഉം കൂടി പഠിച്ചിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. പോയി കമ്പ്യൂട്ടറും പഠിച്ചു. അടുത്ത കൂട്ടരു വന്നപ്പോൾ മറ്റൊരു പ്രശ്നം എം.ഫിൽ ഇല്ലാത്തതൊരു പ്രശ്നം. അതും കരസ്ഥമാക്കി. മറ്റൊരു കൂട്ടർക്ക് വേറൊന്നായിരുന്നു പ്രശ്നം? 'ബി.എഡ് ഇല്ലാത്തതൊരു പ്രശ്നം. ലൈബ്രറി സയൻസ്, ഒരു വർഷത്തെ നഴ്സിംഗ് കോഴ്സിന്റെ പ്രശ്നവും തീർത്തുവന്നപ്പോൾ വയസ് 25. ഇന്നത്തെ കൂട്ടർക്ക് എന്താണാവോ പ്രശ്നം? 'ഇത്രയും ഡിഗ്രിയുള്ളപെണ്ണിനെ ...... അതൊരു പ്രശ്നമാ'. ഇതു കേട്ട മാർക്കോസു ചേട്ടൻ താടിക്കു കൈയ്യും കൊടുത്ത് ചിന്താമഗ്നനായി അങ്ങിരുന്നു പോയി.

പെണ്ണായാൽ പ്രശ്നം പെണ്ണില്ലേൽ പ്രശ്നം പഠിച്ചാൽ പ്രശ്നം പഠിച്ചില്ലേൽ പ്രശ്നം വയസു കൂടിയാൽ പ്രശ്നം കുറഞ്ഞാൽ പ്രശ്നം പണം ഉണ്ടായാൽ പ്രശ്നം ഇല്ലെങ്കിൽ പ്രശ്നം എന്റീശോയെ! ഈ പ്രശ്നത്തിൽ നിന്ന് എന്നാണൊരു വിടുതൽ

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

## ''കുടുംബങ്ങൾ വിശുദ്ധമാകണം''

—പ. കാതോലിക്കാ ബാവാ

ബുധനൂർ : മലങ്കരസഭയിലെ ഓരോ കുടുംബവും ദൈവത്തിങ്കലേക്ക് നോക്കി വിശുദ്ധമാകണമെന്ന പരിശുദ്ധ കാതോലിക്കാ ബാവാ പ്രസ്താവിച്ചു.

ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളിയിൽ നടന്ന ത്രിദിന ഉപവാസ ധ്യാനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

യേശുവസിക്കുന്ന കുടുംബങ്ങൾ ക്രിസ്തീയ ജീവിതത്തിന്റെ സൗന്ദര്യമാണ്. ആധുനിക കുടുംബങ്ങൾ. ക്രിസ്തുവസിക്കുന്ന കൂടാരങ്ങളാകണം. വ്രതനിഷ്ഠയുള്ള ജീവിതവും വളർത്തിയെടുക്കണം പ. ബാവാ പറഞ്ഞു.

ആദ്ധ്യാത്മീക ചൈതന്യം നമ്മുടെ ഇടവകകളിൽ ഉണ്ടാകണം. കൂദാശകളിൽ മാത്രം ഒതുങ്ങിനിൽക്കുവാൻ നമ്മുടെ ആദ്ധ്യാത്മീകതയ്ക്കു കഴിയുകയില്ല. പ്രാർത്ഥനയ്ക്കും ധ്യാനത്തിനും കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കണം. എല്ലാ വൈദികരും ഇടവകാംഗങ്ങൾക്ക് ആദ്ധ്യാത്മീക ചൈതന്യം പകരുവാൻ 'ഉപവാസ ധ്യാനങ്ങൾ ക്രമീകരിക്കണമെന്നും പരിശുദ്ധ കാതോലിക്കാബാവാ ഉദ്ബോധിപ്പിച്ചു.

ആരാധനയിൽ കൂടി മനുഷ്യന് ദൈവവുമായി ബന്ധപ്പെടുവാനും പുത്രത്വം പ്രാപിക്കുവാനും കഴിയുമെന്ന് തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലിത്താ പ്രസ്താവിച്ചു. ത്രിദിന ഉപവാസ ധ്യാനം ഉദ്ഘാടനംചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമൂഹം ഇന്നു വഷളത്വത്തിൽനിന്നും വഷളത്വത്തിലേക്ക് അധഃപതിക്കുന്നതിനാൽ ആദ്ധ്യാത്മിക ജീവിതം വളർത്തിയെടുക്കണം അദ്ദേഹം പറഞ്ഞു. ഫാ. ജേക്കബ് ചെറിയാൻ, ഫാ. മത്തായി ഒ. ഐ. സി., ഫാ. ഓ. തോമസ്, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, ചാക്കോ മാത്യു എന്നിവർ വിവിധ ദിവസങ്ങളിൽ ക്ലാസ്സെടുത്തു. നിരണം രാജൻ സംഗീത പരിശീലനം നൽകി.

വികാരി ഫാ. ജോൺപോൾ ആൻഡ് ടീം ത്രിദിന ഉപവാസ ധ്യാനത്തിന് നേതൃത്വം നൽകി. 500-ൽ പരം പ്രതിനിധികൾ പങ്കെടുത്തു.

Printed and Published by Fr. P.G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George